LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session 1970

Friday, the 30th January, 1970.

Vol. XXVI **Official Report** **No. 14**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, 30th January, 1970.

LEGISLATIVE BUSINESS

The Kerala Appropriation Bill, 1970

Minister for Finance **Shri N. K. Seshan:** Sir, I introduce the Kerala Appropriation Bill, 1970.

Mr. Speaker: The Bill stands introduced.

Shri N. K. Seshan: Sir, I move that the Kerala Appropriation Bill, 1970 be taken into consideration.

Minister for Home and Education **(Shri C. H. Mohammad Koya):** Sir, I second it.

ശ്രീ. എൻ. കെ. ശേഷൻ: സർ, ഈബില്ലിനെ സംബന്ധിച്ച് ഈ സഭയിൽ സുദീർഘമായി ഒന്നും സംസാരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. രണ്ടു ദിവസത്തിനു മുൻപു ഇവിടെ നടന്ന ധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ വിവിധ സഭാംഗങ്ങൾ അതിലെ ഉള്ളടക്കത്തെ സംബന്ധിച്ച് നടത്തിയ ക്രമാധികമായ വിമർശനങ്ങൾക്കു മറുപടി പറഞ്ഞകൂട്ടത്തിൽ, ഗവൺമെൻറ് ആ വിമർശനങ്ങളെ കാര്യമായി പരിഗണിക്കുന്നതാണെന്നും, ഇവിടെ പൊന്തിവന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണെന്നും ഉറപ്പുനൽകിയിട്ടുണ്ട്. അതിനെപ്പറ്റിയുള്ള ധനവിനിയോഗബില്ലാണ് ഇപ്പോൾ ഈ സഭയിൽ അവതരിപ്പിച്ചത്. ഇതിൽ കൂടുതലായി ഇതിനെപ്പറ്റി ഈ സഭയിൽ ഒന്നും തന്നെ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഇത് പാസാക്കിത്തരണമെന്ന് സഭയോട് അപേക്ഷിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ഒന്നുരണ്ടു കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഞാൻ ഈ ബില്ലിനെക്കുറിച്ച് സംസാരിക്കാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് നിയമ കോടതികളിൽ പരിരക്ഷ നൽകുന്നതിനുവേണ്ടി, സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി പ്രത്യേകം പോലീസ് വിഭാഗത്തെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ധനാഭ്യർത്ഥന ഉൾക്കൊള്ളുന്നതുകൊണ്ടാണ് ഞാൻ ഇതിനെപ്പറ്റി സംസാരിക്കുന്നത്. ധനവിനിയോഗബില്ലിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പ്രശ്നം കൂടുതൽ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണം. കഴിഞ്ഞ 32 മാസക്കാലം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആധിപത്യത്തിൽ ഉള്ള ഒരു ഭരണം ഇവിടെ നടന്നപ്പോൾ നിയമസമാധാനം കുത്തഴിഞ്ഞുകിടന്നു വെന്നുമാത്രമല്ല, ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം ആധിപത്യം നിലവിലുണ്ടായിരുന്ന ഒരു സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. മാർക്സിസ്റ്റുകാരല്ലാത്തവർ എന്തെങ്കിലും ആവലാതിയോടുകൂടി ചെന്നാൽ അത് സ്വീകരിക്കാതിരിക്കുകയും, മാർക്സിസ്റ്റുകാർ എന്തെങ്കിലും ആവലാതിയോടുകൂടി ചെന്നാൽ അതു സ്വീകരിച്ച് നടപടികളെടുക്കുകയും ചെയ്യുന്ന ഒരുസ്ഥിതി വിശേഷമാണ് ഇവിടെ ഉണ്ടായിരുന്നത്. അത് മാറിയിട്ട് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ടുള്ളത് വളരെ സ്വാഗതാർഹമാണ്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം നിയമസമാധാനത്തിന്റെ കാര്യത്തിൽ ഒരു ആശ്വാസം തന്നെ ഉണ്ടായിട്ടുണ്ട്. നിയമപരിപാലനത്തിന്റെ കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതിനെപ്പറ്റി ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാൻ ഈ അവസരത്തിൽ സംസാരിക്കുന്നത്. ഇവിടെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ നിയമസമാധാനപാലനം മുറക്ക് മുന്നോട്ടുപോകുമെന്നുകണ്ടപ്പോൾ, നിയമസമാധാനപാലനത്തെ തകർക്കുന്നതിനുവേണ്ടി പോലീസ് മർദ്ദനത്തിന്റെ മുറവിളികളുമായി മാർക്സിസ്റ്റുകാർ മുന്നോട്ടുവന്നിരിക്കുകയാണ്. നിയമസമാധാനം തകർക്കുന്നതിന്റെ അർത്ഥം അവർ നിയമസമാധാനം ഇഷ്ടപ്പെടുന്നില്ലെന്നുള്ളതുകൊണ്ടാണ്. നിയമസമാധാനം നടത്തുന്നകാര്യത്തിൽ ഈ മുറവിളി, ഈ ഭീഷണി, ഈ സഭയിൽ നടന്നത് ഉൾപ്പടെ, അതിജീവിക്കാൻ, അതിനെ നേരിടാൻ ഈ സർക്കാർ തയ്യാറാകണം. അതേ സമയം പോലീസിന്റെ ഭാഗത്തുനിന്നും അക്രമം ഉണ്ടാകുകയാണെങ്കിൽ തീർച്ചയായും അതിനെപ്പറ്റി അന്വേഷിക്കുകയും നടപടികളെടുക്കുകയും വേണം. ഈ ഗവൺമെൻറ് മാതൃകാപരമായ പല എൻകൗയറികളും ഓർഡർ ചെയ്തത് സ്വാഗതാർഹമാണ്. എന്താണ് പോലീസ് മർദ്ദനത്തെക്കുറിച്ചുള്ള മുദ്രാവാക്യം. ഈ സഭയിൽ ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ പോരയുടെ മഹിമയെക്കുറിച്ചും പോരയുടെ പ്രാധാന്യത്തെക്കുറിച്ചും പറഞ്ഞവർ പോരയുടെ വേദന മനസിലാക്കുന്നു. പബ്ലിക്ക് റോഡിൽക്കൂടി നടന്നുപോകുന്നവരെ കുത്തിക്കൊന്ന അവസരത്തിൽ അതിനു കൂട്ടുനിൽക്കുന്ന, വീശിക്കൊടുക്കുന്നപോലീസ് ഇവിടെയുണ്ട്, അതുകൊണ്ട് അത്തരത്തിലുള്ള നടപടികൾ തുടരാത്തവേദനകൊണ്ടാണ് ഇതു പറയുന്നത്. ഇപ്പോഴുള്ള ശരിയായ നടപടികളുടെ മുമ്പിൽ കേരളത്തിലെ ജനങ്ങൾ ഉണ്ടെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയോടുപറയാൻ ഞാനാഗ്രഹിക്കുകയാണ്, ഇന്ന് കേരളത്തിലെ ജനങ്ങൾ ആശ്വാസം കൊള്ളുകയാണ്, വിശേഷിച്ച് നിയമപരിപാലനത്തിന്റെ കാര്യത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ സംസ്ഥാനത്ത് 32 മാസം ഭരിച്ചതാണ്. സർ, പാർലമെൻറി ഡെമോക്രസിയിൽ പ്രതിപക്ഷത്തിന്റെ നേതാവായിരുന്ന ഒരാളാണ് ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്. രണ്ടു ദിവസം മുമ്പു നടന്ന അദ്ദേഹത്തിന്റെ പ്രസംഗം എന്താണ്? വ്യക്തമോ പാരമ്പരാഗതമോ ആയ ചുമതലകൾ വഹിക്കേണ്ട ഉത്തരവാദിത്വമുള്ള ഒരു പ്രതിപക്ഷ നേതാവു പറയുന്നു, കിട്ടിയ ആയുധങ്ങൾ ശേഖരിക്കുമെന്നും, ആയുധം എടുത്ത് സമരം ചെയ്യുമെന്നും. ഏത് ആയുധവും പ്രയോഗിക്കുമെന്നും.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത്തരത്തിലുള്ള പ്രസ്താവനകൾ കേവലം പ്രസ്താവന മാത്രമല്ലെന്ന്, അത് പ്രവർത്തിയിൽ കൊണ്ടുവന്നതാണ് മട്ടന്നൂർ ഉണ്ടായതെന്നും പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. ആശുപത്രിയിൽ പോകുന്നവരെയും റോഡിൽകൂടി നടക്കുന്നവരേയും കുത്തിക്കൊല്ലുകയും, പെട്രോൾഒഴിച്ച് കത്തിച്ചു ചാമ്പലാക്കുകയും ചെയ്യുന്നതെല്ലാംതന്നെ ഈ പ്രസ്താവനയുടെ അനന്തരഫലമാണ്. ഈ നിയമസഭയിൽതന്നെ നിഷ്പക്ഷമായും കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന അങ്ങയുടെ നേരേ കൈയേറ്റം ചെയ്യാൻ മുതിർന്നത് ലജ്ജാകരമാണ്. തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ സഭയിലെ ജീവനക്കാരുടെ മേൽ കൈയേറ്റം നടത്തിയത് നീചവും നിന്ദ്യവുമായി പോയിയെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. നിയമസമാധാനത്തിന്റെ വാഴ്ചയെ തകർക്കുന്ന ചൂണ്ടുപലകയായി സി. ആർ. പി.യെ ചൂണ്ടിക്കാണിച്ച് ഇതാ സി. ആർ. പി. യെന്ന് ചെറിയ കുട്ടികൾ കരയുമ്പോൾ പേടിപ്പിക്കുന്നതിന്വേണ്ടി ഇതാ ഇമ്പാച്ചിവരുന്നേ, ഇതാ ഇമ്പാച്ചിവരുന്നേ എന്ന് പറയുന്നതുപോലെ അയ്യോ സി.ആർ.പി. എന്ന് കാണിച്ച് പേടിപ്പെടുത്തുകയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഏതായുധവും എടുത്ത് പ്രയോഗിക്കുമെന്ന് പറയുന്നതും, നിയമസമാധാനം തകർക്കുന്നതുമായ ഏത് നടപടികളുടെ നേരേയും യാതൊരു വിധത്തിലുള്ള ദയാദാക്ഷിണ്യവും കാണിക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്. ജനങ്ങൾക്ക് നാട്ടിൽ സമാധാനപരമായി ജീവിക്കണം. അതിനുവേണ്ടി അവർക്ക് നല്ല ഒരു ഗവൺമെന്റ് ഭരിക്കണമെന്നേയുള്ളൂ. അല്ലാതെ കോൺഗ്രസ് ഭരിക്കണമെന്നോ, കമ്മ്യൂണിസ്റ്റ് ഭരിക്കണമെന്നോ മറ്റാരെങ്കിലും ഭരിക്കണമെന്നോ ജനങ്ങൾക്കാഗ്രഹമില്ല. നിയമസമാധാനം നില നിറുത്തുന്നതിനുവേണ്ടി ഈ സർക്കാർ ധൈര്യപൂർവ്വം പ്രവർത്തിക്കണം. അങ്ങിനെ പ്രവർത്തിച്ചാൽ ഈ സർക്കാരിന്റെ പുറകിൽ കേരളത്തിലെ ജനങ്ങൾ ഉണ്ടായിരിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഭീഷണിയുടെ മുദ്രാവാക്യവുമായി വന്നാൽ അതിൽ ചൂളിപ്പോകരുതെന്നും മേലിലും ധൈര്യപൂർവ്വം പ്രവർത്തിക്കണമെന്നുമാണ് എനിക്ക് ഈ ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്.

ശ്രീ. കെ. കെ. അബു: സർ, ഈ സന്ദർഭത്തിൽ രണ്ടുമൂന്നുകാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്. മിസ്റ്റർ കരുണാകരന്റെ പ്രസംഗത്തോടുകൂടി പോലീസ് മർദ്ദനം ഒന്നുകൂടി ശക്തിപ്പെടുമെന്നാണ് ഞാൻ ബലമായി സംശയിക്കുന്നത്. ഈ രീതിയിൽ ഇക്കാര്യങ്ങൾ കാണുന്നതിന് ഞാൻ എതിരാണ്. ഈ രീതിയിലല്ല ഇത് കാണേണ്ടത്. പ്രതിപക്ഷവും ഭരണകക്ഷിയും എല്ലാം തന്നെ പോലീസ് മർദ്ദനം ഉണ്ടായാൽ അതിന് പരിഹാരം എന്താണെന്ന് കണ്ടുപിടിക്കണം. പോലീസ് എപ്പോഴും ഭരണകക്ഷികളുടെ അധീനതയിലാണ് പ്രവർത്തിക്കുന്നത്. പക്ഷേ ചിലപ്പോൾ മന്ത്രിസഭയുടെ നയത്തിനെതിരായി പ്രവർത്തിക്കും. അത് മനസിൽ വച്ചുകൊണ്ടായിരിക്കണം പോലീസ് ആക്രമണത്തെ പ്രോൽസാഹിപ്പിക്കുന്ന വിധത്തിലുള്ള പ്രസംഗങ്ങളും പ്രചരണങ്ങളും മറ്റും പ്രതിപക്ഷവും ഭരണകക്ഷികളും നടത്തേണ്ടത്. ഇന്നലെ ഒരു സംഭവമുണ്ടായി. ഇന്നലെ ഒരു പ്രശ്നം അടിയന്തിരരൂപത്തിൽ വരുകയുണ്ടായി. ആഭ്യന്തരമന്ത്രി അതിന് മറുപടി പറയുകയുണ്ടായി. മന്ത്രിയുടെ മറുപടിയിൽ എനിക്ക് ആക്ഷേപമില്ല. ഡിപ്പാർട്ട്മെന്റ് പോലീസ്വകുപ്പിൽ നിന്നും നേരിട്ട് എഴുതി അയക്കുന്നതാണ്. അത് സഭയിൽ വായിക്കുകയാണ് പതിവ്. അതിനപ്പുറം മന്ത്രി നേരിട്ടുപോയി അതന്വേഷണം നടത്തി സംഭവത്തിന്റെ വിവരങ്ങൾ നൽകണമെന്ന് എനിക്കഭിപ്രായമില്ല. എങ്കിലും തനിക്കളങ്കം എഴുതി അയച്ചാൽ എന്തുമിഷിനറിയാണ് അതിന് പരിഹാരം കാണേണ്ടത്, അത് എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതാണ് പ്രശ്നം. മിനിഞ്ഞാന്നുണ്ടായ സംഭവത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദനമേറ്റ യോഹന്നാനെ ഞാൻ കാണുകയുണ്ടായി യോഹന്നാന് ആറു സ്റ്റിച്ചിംഗ്സുണ്ട്, ആശുപത്രിയിൽ കിടക്കുകയാണ്. അയാളുടെ സഹോദരൻ മൈക്കിനും ആയുർവേദാശുപത്രിയിൽ രോഗിയായി കിടക്കുകയാണ്. അയാളുടെ സഹോദരനെക്കാണാനായി ആശുപത്രിയിൽപോയി തിരിച്ചുവരുമ്പോഴാണ് ഈ സംഭവമുണ്ടായത്. പോലീസ് പറയുന്നു അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്ന്. പോലീസ് കള്ള റിപ്പോർട്ട് അയച്ചാൽ അത് എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതിന് എന്തെങ്കിലും തീരുമാനമുണ്ടാകണം. നൂറു ശതമാനവും തനി കള്ള റിപ്പോർട്ടാണ് ഇന്നലെ മന്ത്രി ഇവിടെ വായിച്ചത്. മന്ത്രിയുടെപേരിൽ ആരോപണമായിട്ടല്ല ഞാൻ ഇത് പറയുന്നത്. അവർ ചെയ്യുന്നത് പറഞ്ഞതാണ്. അത് ഇവിടെ വായിക്കുകയും അനുകൂലമായ പ്രസംഗങ്ങൾ ഭരണകക്ഷികളുടെ ഭാഗത്തുനിന്ന് നടക്കുകയും ചെയ്യുമ്പോൾ പിറേന്ന് ലാത്തിച്ചാർജ്ജ് ചെയ്യുന്നു; അതിനെ എതിർക്കുന്നു ഇതാണ് ഇന്നത്തെ നില. പഴയ എം.എൽ.എ. ആയ ശ്രീ. ആൻറണിഡിക്രൂസ് എന്നോടുപറയുകയുണ്ടായി, കരുപ്പട്ടിക്കടയിൽ വച്ച് രാത്രി 9 മണിക്ക് അദ്ദേഹത്തിന്റെ വാഹനത്തെ തടഞ്ഞുവച്ച് പോലീസ് പരിശോധിക്കാൻ ശ്രമിച്ചുവെന്ന്. മണക്കാട് എത്തിയപ്പോഴും അവിടെയും പോലീസ് നിൽക്കുന്നു. തിരുവനന്തപുരം സിറ്റിയിൽപോലും ഭീകരമായ ഒരന്തരീക്ഷമാണുള്ളത്. ശ്രീ വാമദേവൻ തന്നെ ഇവിടെ അത് ഉന്നയിച്ചതാണ്.

ശ്രീ. ടി. എ. മജീദ്: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയെപ്പറ്റി പറഞ്ഞു. അതിനുശേഷം നടന്ന ഊച്ചാളിത്തരത്തെപ്പറ്റി ഒന്നും പറഞ്ഞില്ലല്ലോ?

ശ്രീ. കെ. കെ. അബ്ബു: ഊച്ചാളിത്തരത്തെപ്പറ്റി നിങ്ങളൊന്നും പറഞ്ഞില്ലല്ലോ? ഇന്നലെ ഇവിടെ ഉണ്ടായ സംഭവം ശരിയാണെന്ന് പറയുകയോ ആവശ്യമാണെന്ന് പറയുകയോ ചെയ്യുന്ന ഒരു ആളല്ല ഞാൻ. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ച പ്രശ്നം അതല്ല. ഈ സംഭവത്തിൽ ഭരണകക്ഷി അംഗങ്ങൾക്കും പങ്കുണ്ട്. കഴിഞ്ഞ, മൂന്നുനാലു ദിവസങ്ങൾക്ക് മുമ്പുള്ള ബിസിനസ് അഡ്വൈസറി യോഗത്തിൽവച്ച് ഇക്കാര്യം ചർച്ചചെയ്യണമെന്നും, ലാ ആൻറ് ഓർഡറിനെപ്പറ്റി ചർച്ചചെയ്യണമെന്നും ഞാൻ വിനീതമായി അഭ്യർത്ഥിച്ചു. ഞാൻ ഇക്കാര്യം ആവശ്യപ്പെട്ടപ്പോൾ, സഭാനേതാവ് എതിരാണ്, മുഖ്യമന്ത്രി എതിരാണ്, എല്ലാവരും എതിരാണ് എന്ന് പറയുകയുണ്ടായി. സർ അത് ചർച്ചചെയ്താൽ എന്താണ് തെറ്റ്. എന്താണ് ആപത്ത്? ഒരു ദിവസമോ രണ്ടുദിവസമോ ചർച്ചചെയ്താൽ എന്താണ് ആപത്തുള്ളത്? വെടിവച്ചതാണെന്ന് ഒരു ഭാഗത്തുനിന്നു പറയാനും, വെടിവയ്പ്പിച്ചതാണെന്ന് മറുഭാഗത്തുനിന്നു പറയാനും, ലാത്തിയുടെ മുകളിൽ വന്നപ്പോഴാണ് സംഭവമുണ്ടായത്. അതല്ല കരുതിക്കൂട്ടിയാണ് ലാത്തിച്ചാർജ് നടത്തിയതെന്ന് പറയാനും, ഇങ്ങനെ രണ്ടു കൂട്ടർക്കും അങ്ങോട്ടുമിങ്ങോട്ടുമുള്ള കാര്യങ്ങൾ തുറന്നു പറയാനും സഭയിൽ ചർച്ചചെയ്തതുകൊണ്ട് എന്താണ് കുഴപ്പം. ഇന്നലെ നിർഭാഗ്യകരമായ സംഭവമുണ്ടായി. ഭരണകക്ഷിയുടെ മർക്കടമുഷ്ടി കൊകൊണ്ടാണ് ആ സംഭവമുണ്ടായത്. അത്തോരിയിൽ ആദിവാസികളുടെ മേൽ ലാത്തിച്ചാർജ് ചെയ്തിരിക്കുകയാണ്. ഇങ്ങനെ നാട്ടിന്റെ എല്ലാ ഭാഗത്തും പോലീസ് മർദ്ദനങ്ങൾ നടക്കുകയാണ്. അത് പറയുമ്പോൾ മാർക്സിസ്റ്റ്കാർ കരുതിക്കൂട്ടി ഉണ്ടാക്കിയതാണ് എന്ന് പറഞ്ഞ് തടിതപ്പുന്നതിന് പകരം ആത്മാർത്ഥമായി ഈ കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തണം. ഇപ്പോൾ ട്രാൻസ്പോർട്ട് സമരം നടക്കുകയാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഒരു ചോദ്യം. ഞങ്ങളെല്ലാവിധ ആയുധങ്ങളും ശേഖരിക്കുമെന്നും ആ ആയുധം ഉപയോഗിച്ചു കൊണ്ട് സമരം നടത്തുമെന്നും ഈ രാജ്യത്തിലെ പ്രതിപക്ഷനേതാവായ ശ്രീ. ഇ. എം. എസ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിപ്പാട് പരസ്യമായി പ്രഖ്യാപിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനം നാട്ടിൽ ആകെ നടക്കുകയും ചെയ്യുമ്പോഴും പോലീസ് ഏതെങ്കിലും സ്ഥലങ്ങളും പരിശോധിക്കുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടോ? അതേപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. കെ. അബ്ബു: ഇ. എം. എസ് ന്റെ പ്രസംഗത്തിന്റെ ഒരു വരിയോ രണ്ടുവരിയോ എടുത്ത് ഉദ്ധരിക്കാതെ എന്തുപറയുന്നു എന്ന് നോക്കണം. ഈ രീതിയിലുള്ള അക്രമങ്ങളും നാട്ടിൽ നടന്നാൽ അത് ചെറുക്കുമെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നത്. സായുധരായി ജനങ്ങളും മുമ്പോട്ടുവന്ന് പട്ടാളത്തെ നേരിടുമെന്നോ സി. ആർ. പി. യെ നേരിടുമെന്നോ, അങ്ങനെയൊരു ഭീകരവാഴ്ച ഇവിടെ നടത്തുമെന്നോ പറഞ്ഞിട്ടുണ്ടോ? ആ കാരണം വച്ച് ജനങ്ങളെ തല്ലിച്ചതക്കാമെന്നാണോ? ഇതുപോലുള്ള സംഭവങ്ങളും നടക്കുമെങ്കിൽ അതു കൊള്ളാം. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്താണ് പറഞ്ഞിട്ടുള്ളത്? ഇവിടെ സാധാരണക്കാർക്ക് നിൽക്കക്കള്ളിയില്ലാത്ത ഒരു ചുറ്റുപാടുണ്ട്. എന്തുകൊണ്ട് ആ കാര്യങ്ങളും സഭയിൽ ചർച്ചനടത്തിക്കൂടാ?

ശ്രീ. കെ. എം. ജോർജ്: ചർച്ച നടത്താൻ വൈഷമ്യമുണ്ടെന്നു പറഞ്ഞു. ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കറും, സഭാനേതാവുമായ ശ്രീ. ടി. കെ. ദിവാകരനും ഇന്നലത്തെ അടിയന്തിരപ്രമേയത്തെപ്പറ്റിയല്ല, നിയമസമാധാനത്തെപ്പറ്റി ചർച്ച നടത്താൻ എത്ര സമയം അലോട്ട് ചെയ്യുന്നതിനും യാതൊരുതരത്തിലും വൈഷമ്യമില്ലെന്നുവ്യക്തമായിപ്പറഞ്ഞില്ലേ? ചർച്ച നടത്താൻ ഭരണകക്ഷികളും തടസ്സമായിരുന്നു എന്നുപറയുന്നത് ശരിയാണോ?

ശ്രീ. കെ. കെ. അബ്ബു: ബഹുമാനപ്പെട്ട ജോർജ് പറഞ്ഞ ആ കാര്യത്തോട് ഞാൻ യോജിക്കുന്നില്ല. അദ്ദേഹം പറഞ്ഞത് ഞാൻ കേട്ടിരുന്നു. നിയമസഭയ്ക്കകത്ത് അരമണിക്കൂർമാത്രം ചർച്ച നടത്താമെന്നാണ് അദ്ദേഹം പറഞ്ഞത്. അരമണിക്കൂർകൊണ്ട് എന്തു നടക്കും? ഈ സഭയിൽ എല്ലാ കക്ഷികളും നാലുമണിക്കൂറോ എട്ടുമണിക്കൂറോ ഈ കാര്യത്തെ സംബന്ധിച്ച് പ്രസംഗിച്ചാൽ കേരളത്തിൽ എന്താപത്താണ് ഉണ്ടാകുന്നത്? പോലീസിന്റെ ഭാഗം ശരിയാണെന്നുപറയുന്നവർക്ക് അതു പറഞ്ഞ് വാദിക്കാം. പോലീസ് ചെയ്തത് തെറ്റാണെന്നുപറയുന്നവർക്ക് അത് പറയാം. അങ്ങനെ ഒരു ചർച്ചക്ക് അവസരം കൊടുക്കാതെ, ഇ.എം.എസ്. അങ്ങനെ ഒരു ചർച്ചക്ക് അവസരം കൊടുത്തിട്ടില്ലെന്നുപറയുന്നത് ശരിയാണോ? ഇ. എം. എസിന്റെ കാലത്തും കോൺഗ്രസുകാരുടെകാലത്തും അങ്ങനെ ചർച്ചക്ക് അവസരം കൊടുത്തിട്ടില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുന്നത് ശരിയല്ല. ഇവിടെ ട്രാൻസ്പോർട്ട്സമരം നടക്കുന്നുണ്ട്. ആ സമരം പരാജയപ്പെടുത്താൻവേണ്ടിയുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ട്രാൻസ്പോർട്ട് സമരം ഒത്തുതീർപ്പുണ്ടാക്കുന്ന കാര്യത്തിൽ തൊഴിലാളി വർഗ്ഗത്തിന്റെ താൽപ്പര്യങ്ങളും സംരക്ഷിക്കുന്നവരും, അതിനു ബാദ്ധ്യസ്ഥതയുള്ളവരും അതിനുവേണ്ടികുറേയൊക്കെ പ്രവർത്തിക്കുന്നവരും ഈ കൂട്ടത്തിലിരിക്കുന്നവരല്ലേ, അവർക്ക് അതിനു ബാദ്ധ്യതയില്ലേ? കെ. എം. ജോർജിന്റെ പാർട്ടിയെക്കുറിച്ചല്ല ഞാൻ പറയുന്നത്. മറ്റു പാർട്ടികളുണ്ട്. സി.പി.ഐ. യുടെയും, ആർ.എസ്.പി.യുടെയും പിന്തുണ ഈ ഗവൺമെന്റിനു ഉണ്ടല്ലോ. അവർ എന്തുപറയുന്നു? ഏറ്റവും പ്രധാനപ്പെട്ട രണ്ടുമൂന്നു വാഗ്ദാനം ട്രാൻസ്പോർട്ട് സമരത്തിനെതിരായി കൊണ്ടുവന്നത്, തൊഴിലാളികളെ പിരിച്ചു വിട്ടതിനെതിരായി കൊണ്ടുവന്നത്, സിഗറേറ്റ് പാക്കറ്റിന്റെ തുണ്ടിൽ നിയമനഉത്തരവ് എഴുതികൊടുത്തിട്ടുണ്ടെന്നാണ്. അതിന്റെ ഒരു കഷ്ണമെങ്കിലും ഹാജരാക്കാൻ തയാറുണ്ടോ? വെറുതെ പറഞ്ഞാൽ മാത്രം പോരാ. സിഗറേറ്റ് പാക്കറ്റിന്റെ തുണ്ടിൽ നിയമിച്ചതാണെങ്കിൽ അവർക്ക് ശമ്പളം കൊടുത്തത് എങ്ങനെ?

LIBRARY ARCHIVES Kerala Legislative Assembly

അവരെ പിരിച്ചു വിടാൻ അഡ്രസ് എങ്ങനെ കിട്ടി. അവർ കുറച്ച് ദിവസം ജോലി ചെയ്തവരാണ്. കൈക്കൂലി മേടിച്ചാണ് കയറിയതെങ്കിൽ, ഇമ്പിച്ചിബാവായാണെങ്കിൽ, അദ്ദേഹത്തിന്റെ പേരിൽ കേസുണ്ട്. മുൻ മാനേജരാണെങ്കിൽ അയാളുടെ പേരിൽ കേസെടുക്കണം. അതിന് 600-ൽ പരം തൊഴിലാളികളും കുറേക്കാരാണോ? കാളേജുകളിലും ഹൈസ്ക്കൂളുകളിലും പ്രവർത്തിയെടുക്കുന്ന അദ്ധ്യാപകർ 6000 രൂപാ മുതൽ 9000 രൂപാവരെ കൈക്കൂലി കൊടുത്താണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. അവരെ പിരിച്ചു വിടാൻ തയ്യാറുണ്ടോ? മിസ്റ്റർ ജോർജ് പറയുന്നു, ട്രാൻസ്പോർട്ട് കോർപ്പറേഷൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന്. 13 ലക്ഷം രൂപാ കഴിഞ്ഞകൊല്ലം ഓവർടൈംകൂലി കൊടുത്തില്ലേ? അതിന് ലാഭം ആവശ്യമില്ലെന്നാണോ പറയുന്നത്? നഷ്ടമാണെന്ന് പറഞ്ഞ് പിരിച്ചുവിടാൻ തയ്യാറായാൽ നിങ്ങളുടെ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളും വേണ്ടെന്ന് വയ്ക്കുമോ? ഡോക്ടർമാരേയും രോഗികളേയും പിരിച്ചു വിടാൻ തയാറാണോ? അത്യാവശ്യസർവ്വീസ് പോലുള്ള സ്ഥാപനങ്ങളിൽ ലാഭവും നഷ്ടവും നോക്കാറില്ല. മുൻ ഗവൺമെൻറുകളുടെ കാലത്തും ട്രാൻസ്പോർട്ട് സർവ്വീസ് നഷ്ടത്തിലാണ് നടന്നിരുന്നത്. അന്ന് ആരേയും പിരിച്ചു വിട്ടില്ല. തൊഴിലാളികളെ തല്ലിച്ചതച്ചില്ല. ഈ രീതിയിൽ തൊഴിലാളി സമരങ്ങളോട് കൈക്കൊള്ളുന്ന മനോഭാവം ഒരു തൊഴിലാളി വർഗ്ഗബോധമുള്ള ഗവൺമെൻറിന് യോജിച്ചതല്ല. നമ്മുടെ സർക്കാർ ഏതാണ്ട് ജനപ്രതിനിധികളുടെ സർക്കാർ എന്നു പറയാവുന്ന സർക്കാർ, ഇവരെ പിരിച്ചു വിട്ടിട്ട് തിരിച്ചെടുപ്പിക്കാൻ സാധിക്കുന്നില്ലെങ്കിൽ സ്വകാര്യ മാനേജ്മെൻറുകളും പിരിച്ചു വിടൽ നടത്തും, അതിനെ ചോദിക്കാൻ സാദ്ധ്യമല്ലാതെവരും. അതുകൊണ്ട് ഈ രീതിയിലുള്ള സമീപനം മാറണം. പോലീസ് നയത്തിലും ഈ മന്ത്രിസഭ ഒരു മാറ്റം വരുത്തണം. അവിടത്തെ പോലീസ് സാമ്രാജ്യത്വത്തിന്റെ ഭാഗികമായി പ്രവർത്തിച്ച പാരമ്പര്യമുള്ളതും, സാമ്രാജ്യാധിപത്യ കാലത്തെ സംവിധാനത്തിന്റെ അവശിഷ്ടവുമാണ്. കൊല്ലാനാണ് അവർക്ക് ഇഷ്ടം, ചതയ്ക്കാനാണ് അവർക്ക് ഇഷ്ടം. അതുകൊണ്ട് ഈ നയത്തിൽ മാറ്റമുണ്ടാകണം. ഈ ഗവൺമ്മെൻറ് വന്നതിനുശേഷം പോലീസിന് വീര്യം കൂടിയെന്നാണ് പറയുന്നത്. പോലീസിന് വീര്യം കൂടിയെന്നുപറഞ്ഞാൽ എന്താണ്. പോലീസിന് എന്തിന് ഈ വീര്യം? മനുഷ്യത്വവും സ്നേഹവും തന്റെ നാട്ടുകാരോട് മര്യാദയോടുകൂടി പെരുമാറുകയുമാണ് വേണ്ടത്. ഒരു ജനാധിപത്യ സംവിധാനത്തിൽ പോലീസിന് പ്രത്യേകമായ പങ്കുണ്ട്. പട്ടാളത്തിന് വീര്യമുണ്ടെന്നു പറയുന്നതുപോലെ, ആ രീതിയിൽ പോലീസിനെ അഴിച്ചുവിട്ടാൽ ഒടുവിൽ നിങ്ങളും പറഞ്ഞാലും കേൾക്കുകില്ല, മറെറാരു മന്ത്രിസഭ വന്നാലും പോലീസിന്റെ മനോഭാവം ഇതുപോലെയായിരിക്കുകയും ചെയ്യും. തൊഴിലാളികളെയും കൃഷിക്കാരെയും തല്ലിച്ചതക്കും, ഉപദ്രവുമുണ്ടാക്കും. അതുകൊണ്ട് ഈ രീതിയിൽ കൈകാര്യം ചെയ്യരുത്. നിങ്ങളും പോലീസ് നയം മാറണം. പോലീസിന് അനുകൂലമായ ഓരോ വാദവും, ഈ നിയമസഭയിൽ ഇവിടെയുള്ള ഭരണകക്ഷികളും ഈ ഗവൺമ്മെൻറിനെ പിൻതാങ്ങുന്ന കക്ഷികളും നടത്തിയാൽ അതിന്റെ ഫലം നിത്യേന തല്ലലാണ്, വെടിവെയ്പാണ്. ഒടുവിൽ നിങ്ങൾക്കുതന്നെ കൺട്രോൾ ചെയ്യാൻ സാധിക്കാത്ത കാലം വരും. നിങ്ങൾക്കു പിടിച്ചുനിർത്താൻ വയ്യാത്ത കാലം വരും. അത് മനസിൽ വെച്ചുകൊണ്ടുവേണം പോലീസ്നയം ആവിഷ്ക്കരിക്കേണ്ടത്. ഈ രീതിയിൽ കള്ള റിപ്പോർട്ടുകളും അയച്ചാൽ അത് ഏതു നിലയിൽ കൈക്കൊള്ളണമെന്നും, അങ്ങനെയുള്ള കള്ള റിപ്പോർട്ടുകളും പോലീസ് അയച്ചാൽ പോലീസിന്റെ പേരിൽ എന്തെങ്കിലും നടപടി നടത്താൻ സാധിക്കുമോ എന്നുള്ള കാര്യവും ആലോചിക്കണം. അതിന് ഏതെങ്കിലും മെഷിനറി കൊണ്ട് വല്ലതും ചെയ്യാമോ എന്നീ കാര്യങ്ങളും ആലോചിച്ച് കുറച്ചുകൂടി രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

സമാധാനം സ്ഥാപിക്കുന്ന കാര്യത്തിൽ രണ്ടുകക്ഷി മുൻകൈ എടുക്കണം, പ്രതിപക്ഷം അതിന് സഹകരിക്കണം. ആ നിലയിൽ ശാന്തിയും സമാധാനവും ഉണ്ടാകണം. അതു മാത്രമേ എനിക്കു പറയാനുള്ളു.

ശ്രീ. എൻ. കണപതി: സർ, നേറ്റു ഇന്ത സഭയിൽ നടന്ത പല സംഭവങ്കളൈക് കുറിത്തു ഒരു സില വാർത്തൈകൾ പേച നാൻ ആസൈപ്പടുകിറേൻ. ഇന്ത സഭയിൽ ഒരു കാലത്തിലും നടക്കാത ഒരു പയങ്കര സംഭവം നടന്തതു പറ്റി നാൻ വരുത്തപ്പടുകിറേൻ. ഇതറ്കെല്ലാം പൊറുപ്പു വകിക്കക്കൂടിയ സപാനായകർ അവർകൾ താൻ കാരണം എന്റു സൊല്ലാമലിരുക്ക മുടിയാതു. അവർകൾ ഇന്ത സഭയൈ സരിവര നടത്തിക്കൊണ്ടു പോയിരുന്താൽ ഇവ്വിത പയങ്കര സംഭവങ്കൾ നേർന്തിരുക്കാതു എൻപതു ഉറുതി. ഇതുതാൻ ഉണ്മൈ. മേലും സപാനായകർ അവർകൾ തൈരിയമാകക് കൈകാരിയം സെയ്തിരുന്താൽ ഇവ്വിതം ഒന്റും നടന്തിരുക്കാതു. നിയായമാന നീതിയിൽ കണ്ടിപ്പാക സഭയൈ നടത്തിക്കൊണ്ടുപോക യാരൈയും പയപ്പടവേണ്ടിയ അവസിയമേ ഇല്ലൈ. ഇനിമേലാവതു സപാനായകർ അവർകൾ എല്ലോരൈയും നീതിയുടൻ മിക കണ്ടിപ്പാക നടത്തുവാർകൾ എൻപതൈ നാൻ എതിർപാർക്കിറേൻ.

അടുത്തപടിയാക ഒരു മുക്കിയമാന വിഷയം ഇന്ത സഭയൈ ഞാപകപ്പടുത്ത വേണ്ടിയിരുക്കിറതു. സർ, 1958-ൽ മേൺമൈതങ്കിയ ഇ. എം. ശങ്കരൻ നമ്പൂതിരിപാടു അവർകൾ ആട്സി നടത്തിയ കാലത്തിൽ തിരു. വി. ആർ. കിരുഷ്ണയ്യർ പോലീസ് മന്തിരിയാക പതവി വകിത്തു വന്താർകൾ. അന്ത സമയത്തിൽ എത്തനൈയോ അട്ടകാസങ്കളും, അട്ടുഴിയങ്കളും അത്തുമീറി നടൈപെറ്റിരുന്തതു. സുരുക്കമാക മികവും അതിമുക്കിയമാന സില സംഭവങ്കളൈ എടുത്തുക്കൂറ നാൻ വിരുമ്പുകിറേൻ. അതാവതു അവർകളുടൈയ ആട്സിയിൽ വെടിവൈപ്പുകളും, ലാത്തി സാർജ്കളും നടന്തതൈ നാൻ പിരത്തിയേകം എടുത്തുക്കൂറ തേവൈയില്ലൈ. എല്ലോരുമ് അറിന്ത വിഷയമാകും.

സർ, പാപ്പമ്മാൾ എന്റ ഏഴൈ തൊഴിലാളിയൈയും ഹസൻരാവുത്തർ എന്റ തൊഴിലാളിയൈയും തുപ്പാക്കിക്കു ഇരൈയാക്കിനർകൾ. ഇതൈ നിനൈത്താൽ തർപോതു ഇയങ്കിവരുമ് കവർമെൺട് എവ്വളവോ നല്ലതു എൻറു സൊല്ലാമലിരുക്ക മുടിയാതു. ഇതുപോൺറു പല സംഭവങ്കൾ എൻറാൽ എടുത്തുക്കൂറ മുടിയുമ്. ആനാൽ സമയമിൻമൈയാൽ അതൈപ്പറ്റി കൂടുതൽ കൂറ ആസൈപ്പടവില്ലൈ. അടുത്തപടിയാക പോലീസ് നയത്തൈ എടുത്തുക്കൊണ്ടാൽ നമതു മുതൻമന്തിരിയാക ഇരുന്ത ഇ. എം. എസ് അവർകൾ എന്ന സെയ്താർ എൻപതൈപ്പറ്റി സില വാർത്തൈകൾ കൂറ ആസൈപ്പടുകിറേൻ. കാൺസ്ടബിൾകളുക്കും, സപ്-ഇൻസ്പെക്ടർകളുക്കും അതിൽ സംപന്തപ്പട്ട ഉയർന്ത അതികാരികളുക്കുമ് പതവി ഉയർവു നൽകപ്പട്ടതു. അവർകളൈ മേലുമ് ഉറ്സാകപ്പടുത്തി അവർകളുക്ക വേണ്ടിയ സകല സൌകരിയങ്കളുമ് സെയ്തുകൊടുത്താർ എൻപതു ഉണ്മൈ. തിരു. എ. കെ. കോപാലൻ, മാർക്സിസ്ട്ടു എമ്. എൽ. ഏ. കൾ തിരുവാളർകൾ എമ്. കെ. ജാർജ്, ഇ. എമ്. ജാർജ്. പാർലിമെൺട് മെമ്പർ എസ്തോസ്, ഇ. എമ്. എസ്. അവർകളുടൈയ അന്തരങ്ക കാരിയതരിസിയായ് ഇരുന്ത തിരു. രാതാകിരുഷ്ണൻ മുന്നിലൈയിൽ ആരക്കണക്കാന സമാനമായ് നിൻറ തൊഴിലാളർകളൈ ലാത്തിസാർജ് സെയ്യപ്പട്ടതു. അന്ത പോലീസ് മുക്കിയസ്തർകളുക്കുത് താൻ പതവി ഉയർവു അളിക്കപ്പട്ടതു എൻറു മീണ്ടുമ് കൂറുകിറേൻ. അത്തുടൻ ആയിരത്തി ഐനൂറു തൊഴിലാളികളൈ സസ്പെൺടുമ് സെയ്യപ്പട്ടാർകൾ. അവർകളുങ്കു തുരോകമുമ് സെയ്താർകൾ. തോട്ടത്തൊഴിലാളികളുടൈയ കാരിയത്തിൽ യാതൊരു നൻമൈയുമ് സെയ്യപ്പട്ടതാക തെരിയവില്ലൈ. തൊഴിലാളി കവർമെൺട് എൻറു സൊല്ലിക്കൊണ്ടു തൊഴിലാളികളൈയേ വഞ്ചിത്തതു അന്ത സർക്കാർ. മേലുമ് ഇ. എമ്. എസ്. അവർകളുക്കുമ് അവർകളൈച് സാർന്ത ആട്കളുക്കുമ് കവർമെൺട് കുത്തകൈപാട്ടമ് എൻറു കരുതുകിറാർകൾ. ഇന്തത് തപ്പാന

LIBRARY ARCHIVES Kerala Legislative Assembly

எண்ணத்தை அவர்கள் மனதிலிருந்து அகற்றவேண்டும். ஸர். என்னைப் பொறுத்த மட்டில் எந்த கட்சி பதவிக்கு வந்தாலும் சரி அதனை நான் வரவேற் கிறேன், போற்றுகிறேன். ஆனால் அக்கட்சி நீதியும் நியாயமும் வழங்கச் செய்ய வேண்டியது அத்தியாவசியம். இது தான் எனது ஏக நோக்கமாகும். அடுத்த தாக ஒரு ஸ்திரமுள்ள கவர்மெண்ட் நமக்கு எல்லோருக்கும் தேவை. ஸர், கேரளாவில் வாழும் இரண்டு கோடி மக்களையும் ஒன்றுபோல் பார்த்து ஜாதி வித்தியாசமின்றி நடத்த நாம் பாடுபடவேண்டும். சினிமாகொட்டகையில் வைத்திருக்கிற மாதிரி தரம்திரித்து ஏ. கிளாஸ் பி. கிளாஸ் என்று வைக்கக் கூடாது. இந்நாட்டில் எல்லா மக்களும் சமத்துவத்தின் அடிப்படையில் ஏற்றத் தாழ்வின்றி நடத்தப்பட வேண்டும். பாமர மக்களை பாராபட்சமாக நடத்தக் கூடாது.

ஸர், கண்ணன்தேவன் கம்பெனி போன்ற பெரிய கம்பெனிகளில் ஏதாவது தொழில் தகராறு ஏற்பட்டால் பாவப்பட்ட தொழிலாளிகளுக்குப் பாதகமாக வும் கம்பெனி உடமஸ்தர்களுக்கு சாதகமாகவும் நடத்தப்பட்டு வருகிறது. இந்த முறை நடக்காமலிருக்க வழிவகை வகுக்கவேண்டியது அத்தியாவசியம். ஸர், ஒரு முக்கியமான விஷயத்தை எடுத்துக்கூற விரும்புகிறேன். அதாவது ஹைரேஞ்ச் பிரதேசங்களில் வாழும் தொழிலாளிகளுக்கு ரேஷன் விதரணம் செய்வதில் பல குறைகள் இருப்பதால் அதை மந்திரி அவர்களின் கவனத்தில் கொண்டுவருகிறேன். அங்கு வாழும் தொழிலாளிகளுக்கு மிகவும் மோசமான தூசி படிந்த அரிசி (ரேஷன் அரிசி) வினியோகிக்கப்பட்டு வருகிறது. மேலும் நெல் விளையாத பிரதேசமாகும். மிருகங்கள் போலும் விரும்பாத அரிசி விதர ணம் செய்யப்பட்டு வருவதை நான் வன்மையாக கண்டிக்கிறேன். அவர்க ளுக்குக் கொடுக்கும் அரிசியை பிளாக் மார்க்கெட்டில் விற்று மிகவும் மோசமான வெளியிலிருந்து கொச்சி துறைமுகம் வழி கருஞ்சந்தை காரர்களால் மாற்றப் பட்டு அரிசியை ஏழைகளாகிய தோட்டத்தொழிலாளிகளுக்குக் கொடுத்து வருகி றார்கள். இந்த பிளாக்மார்க்கெட்டை அடியோடு ஒழிக்க முயற்சி எடுக்க வேண்டும். முன்சர்க்கார் காலத்திலும் இந்த வழக்கம் தொடர்ந்து நடத்தப் பட்டது. இதைத் தொழிலாளிகள் மிக்க வருத்தத்துடன் எனக்கு தந்தியும் சாம்பிள் அரிசியும் அனுப்பினார்கள். இதோ பாருங்கள் என் கையில் இருக்கிறது. அதை தான் மந்திரியிடம் கொடுக்கத் தயார். இந்த நிலையைச் சர்க்கார் உணர்ந்து பாவப்பட்ட தொழிலாளிகளுக்கு நல்ல அரிசி கொடுக்க உடனடி ஏற்பாடு செய்ய வேண்டுகிறேன்.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഈ ബില്ലിനെ പിന്താങ്ങു ന്നതോടൊപ്പം ഒന്നു രണ്ടു കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. ഇവിടെ സർവ്വപ്രധാനമായി പറഞ്ഞിട്ടുള്ളത് ഇവിടെ പലഇടത്തും ലാത്തി ച്ചാർജ്ജുകളും എല്ലാം നടക്കുന്നുണ്ട്; പോലീസു തേർവാഴ്ച നടത്തുന്നു; അടിയന്തിര പ്രമേയംപോലും അവതരിപ്പിച്ചു സംസാരിക്കാൻ അനുവദിച്ചി ട്ടില്ല എന്നാണ്. വളരെ വ്യക്തമായ ഭാഷയിൽ ഇതിനുമുൻപുതന്നെ ഗവൺ മെൻറിന്റെ ഭാഗത്തുനിന്നും ഉറപ്പു നൽകിയിട്ടുണ്ട്, എവിടെയെങ്കിലും നിയമത്തിനതീതമായ രീതിയിൽ പോലീസു അധികബലപ്രയോഗം നടത്തി യിട്ടുണ്ടെങ്കിൽ ഒരു പരിഷ്കൃതഗവൺമെൻറു ചെയ്യുന്ന രീതിയിൽ അന്വേ ഷണം നടത്തി കുറ്റക്കാരുണ്ടെങ്കിൽ ശിക്ഷിക്കാമെന്ന്. അതല്ല ഇവിടത്തെ പ്രശ്നം. ഇവിടത്തെ പ്രശ്നം എന്താണെന്നുള്ളത് ഈ രാജ്യത്തു എന്താണു നടന്നുകൊണ്ടിരിക്കുന്നതിൽനിന്നും മനസിലാകും. ഇവിടെ ഇന്നലെ നടന്ന സംഭവത്തെ പരാമർശിക്കണമെന്ന് ഞാനുദ്ദേശിച്ചതല്ല. ഇന്നലെ നടന്ന സംഭവത്തിൽനിന്നും ഇവിടത്തെ പ്രതിപക്ഷത്തിന്റെ മനോഭാവം പ്രകടമാ കുന്നുണ്ട്. ഒരു നിയമസഭയിൽ ഭൂരിപക്ഷമുള്ള കക്ഷിരിക്കും, ന്യൂന

LIBRARY ARCHIVES Kerala Legislative Assembly

പക്ഷകക്ഷി പ്രതിപക്ഷത്തിരിക്കേണ്ടിവരും. പക്ഷേ ഭൂരിപക്ഷം ആയാലും ശരി അല്ലെങ്കിലും ശരി ഞങ്ങൾ പറയുന്നതു നിയമമാണ്, അത് അംഗീകരിച്ചില്ലെന്നുണ്ടെങ്കിൽ ഒന്നും നടക്കാൻ അനുവദിക്കുന്നില്ല; ഈ സമീപനമാണ് ഇന്നലെ കണ്ടത്. ഇവിടെ നിയമസഭാനടപടിച്ചട്ടങ്ങളുണ്ട്, നിയന്ത്രിക്കേണ്ട മാർഗ്ഗങ്ങളുണ്ട്, അടിയന്തിരപ്രമേയം അനുവദിക്കാനും അനുവദിക്കാതിരിക്കാനും അവകാശമുള്ള ആളുണ്ട്. ഞാൻ അതിന്റെ കാര്യങ്ങളെക്കുറിച്ചു പരാമർശിക്കുകയല്ല. ഇതിന്റെ പുറകിൽ പ്രകടിതമായ മനോഭാവം ഞങ്ങൾ പറയുന്നതുപോലെ നടക്കണം, ഞങ്ങൾ പറയുന്ന ഉദ്യോഗസ്ഥൻമാരെ ഉടനെ സസ്പെൻറു ചെയ്യണം—അയാൾക്കു നീതി കിട്ടണോ എന്നുള്ളതു പരിഗണനാർഹമല്ല—ഞങ്ങൾ പറയുന്ന ഇന്ന രീതിയിൽ അടിയന്തിരപ്രമേയം ചർച്ച ചെയ്യണം, അല്ലെങ്കിലോ ഞങ്ങൾ പ്രതിഷേധിക്കും എന്നല്ല, അടിച്ചു ഞങ്ങൾ അനുസരിപ്പിക്കും. ഇതാണു മനോഭാവം. സ്പീക്കറുടെ നേരെയായാലും ശരി മറ്റാരുടെ നേരെയായാലും ശരി ഇതാണു മനോഭാവം. ഇവിടത്തെ ഫോർത്തുക്ലാസ് ജീവനക്കാർക്കുവേണ്ടി, അല്ലെങ്കിൽ അധ്വാനിക്കുന്നവർക്കുവേണ്ടി എന്നെല്ലാമാണ് പറയുന്നത്. ഏറ്റവും ഉത്തരവാദപ്പെട്ടവർ അവർ അവരുടെ ജോലി ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ, നിയമാനുസരണം ഉള്ള അവരുടെ നടപടി ചെയ്താൽ പ്രതിഷേധിക്കുമെന്നല്ല, അതിനെതിരായി പ്രകടനം നടത്തുമെന്നല്ല, അടിച്ചൊതുക്കുമെന്നാണ് വന്നിരിക്കുന്നത്. ഈയൊരു മനോഭാവം ഒരു ജനസ്വാധീനമുള്ള രാഷ്ട്രീയപാർട്ടി—ജനസ്വാധീനമുണ്ടെന്നുള്ളത് അംഗീകരിക്കണം—എല്ലായിടത്തും നടപ്പിലാക്കുകയാണെങ്കിൽ ചില സംഭവഗതികളും സ്വാഭാവികമായും ഈ രാജ്യത്തുണ്ടായിയെന്നു വരും. ഈ സമീപനരീതി മാറാതെ നിവൃത്തിയില്ല. പോലീസ് മർദ്ദനം നടത്തുന്നു, പോലീസു എക്സസ് നടത്തുന്നു, പോലീസു അതിരുകടന്നു പ്രവർത്തിക്കുന്നുഎന്നെല്ലാം ചൂണ്ടിക്കാണിച്ചാൽ അനേഷിക്കണം. അല്ലാതെ ഒരു തരത്തിലും പോലീസിനെ ഉപയോഗിക്കാൻ പാടില്ല, സി. ആർ. പി.യെ ഉപയോഗിക്കാൻ പാടില്ല എന്നെല്ലാം പറയുന്നത് ശരിയല്ല. സി. ആർ. പി. ക്ക് എതിരായി മുദ്രാവാക്യം വിളിക്കുകയാണ്. അതേസമയം പല കാര്യങ്ങളും വിസ്മരിക്കുന്നതെന്താണ്?

<u>ശ്രീ. കെ. കെ. അബു:</u> സി. ആർ. പി. യെ സ്റേറററുകളിലേക്കു അയയ്ക്കാൻ പാടില്ലെന്നു ശ്രീ. ഭൂപേശ്ഗുപ്ത ഡൽഹിയിൽവച്ചു പ്രസ്താവിച്ചതായി അറിയാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻനായർ:</u> ഭൂപേശ്ഗുപ്തയുടെ അങ്ങനെയുള്ള പ്രസംഗം ഞാൻ കണ്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ എവിടെയാണു കണ്ടതെന്നു പറഞ്ഞാൽ ഞാനും വായിക്കാം. ഞാൻ മനസ്സിലാക്കിയിടത്തോളം ഭൂപേശ്ഗുപ്ത പറഞ്ഞിട്ടുള്ളത് ഏതെങ്കിലും സംസ്ഥാനഗവൺമെൻറു ആവശ്യപ്പെടാതെ കേന്ദ്രഗവൺമെൻറു ഇഷ്ടാനുസരണം ഒരു സംസ്ഥാനത്തിലേയ്ക്കും സി. ആർ. പി. യെ അയക്കരുതെന്നാണ്. ബംഗാളിൽ മിലിട്ടറിവന്നു എല്ലാം സപ്രസ് ചെയ്താൽ അവരുടെ പ്രവർത്തനം ശ്ലാഘനീയമാണ്. ഞങ്ങൾ ഭരിക്കുമ്പോഴും പോലീസു അടിച്ചാൽ അതു തൊഴിലാളിവർഗ്ഗത്തിനു അനുകൂലവും വിപ്ലവകരവുമായ പരിപാടിയാണ്.

<u>ശ്രീ. കെ. എ. ശിവരാമഭാരതി:</u> ബംഗാളിൽ പട്ടാളത്തെ അയക്കുന്നതിനെ എസ്. എസ്. പി. അനുകൂലിക്കുന്നില്ലെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കു അറിഞ്ഞുകൂടേ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻനായർ:</u> അതു എന്നോടു ചോദിച്ചാലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി: ബംഗാളിലെ കാര്യം പറഞ്ഞതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: എസ്. എസ്. പി. അവിടെ അനുകൂലിക്കുന്നുണ്ടോ അവിടെ പ്രതികൂലിക്കുന്നുണ്ടോ എന്നുള്ളതു പ്രശ്നമല്ല.

ശ്രീ. എം. രാമുണ്ണി: ഒരു പോദ്യം. കമ്മ്യൂണിസ്റ്റുപാർട്ടി ഓഫ് ഇൻഡ്യാ അവിടെ ഒരു ഭരണകക്ഷിയാണെന്നു അറിയാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അറിഞ്ഞുകൊണ്ടുതന്നെയാണ് പറയുന്നത്. അവിടെ പട്ടാളത്തെ വിളിച്ചത് ആ സന്ദർഭത്തിൽ ശരിയാണോ തെറ്റാണോ എന്നുള്ളതല്ല. പട്ടാളത്തെ അവിടെ ജ്യോതിബാസു വിളിച്ചത് പ്രത്യേക സാഹചര്യത്തിൽ ആവശ്യമായിരുന്നിരിക്കാം. എന്നാൽ അവിടെ വിളിക്കുന്നതു നല്ല ജനാധിപത്യപരമായ ഒരു നടപടിയും ഇവിടെ സി. ആർ. പി. യെ വിളിക്കുന്നതു പ്രതിവിപ്ലവകരവും അതിനെതിരെ ആളുകളും മുഴുവൻ ആയുധമെടുത്തു സമരം ചെയ്യേണ്ടതുമാണ്.

ഇതേ രീതിയിൽ ബംഗാളിലെ കാൺഗ്രസ്സു പ്രതിപക്ഷം അവിടെ മിലിട്ടറിയെ വിളിച്ചിരിക്കുന്നതുകൊണ്ടു ആയുധമെടുത്തു ആ ഗവൺമെന്റിനെ മാറ്റണമെന്നു ആഹ്വാനംചെയ്താൽ അതു അംഗീകരിക്കാൻ അതു ജനാധിപത്യപരമായ ഒരു പ്രവർത്തനമാണെന്നു അംഗീകരിക്കാൻ നമ്മളും തയ്യാറാകുമോ, ഇവിടത്തെ പ്രതിപക്ഷനേതാക്കൻമാർ അതു അംഗീകരിക്കാൻ തയ്യാറാകുമോ, മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി തയ്യാറാകുമോ? അതുകൊണ്ടു ഇപ്പോഴും അവർ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന തത്വശാസ്ത്രങ്ങളും 67 ലെ തെരഞ്ഞെടുപ്പിനു ശേഷം അധികാരത്തിൽവന്ന അന്നുമുതൽ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന തത്വശാസ്ത്രം എന്താണെന്നുവച്ചാൽ ന്യൂനപക്ഷമാണെങ്കിൽപോലും ഞങ്ങളും പറയുന്നതാണ് ശരി, ഞങ്ങളും ചെയ്യുന്നതാണ് ശരി, ഞങ്ങൾക്കു അനുകൂലമായിരിക്കണം നിയമങ്ങളും, ഞങ്ങളുടെ തൊഴിലാളികൾക്കു അനുകൂലമായിരിക്കണം പോലീസു എന്നുള്ളതാണ്. മറ്റു ഏതൊരു വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ മർദ്ദിച്ചാലും അതു ശരിയാണ്. അവരെ അനുകൂലിക്കാത്ത ചെത്തുതൊഴിലാളികളും സമരം ചെയ്താൽ അതിനെ പോലീസു എക്സസ് ഉപയോഗിച്ചു അടിച്ചമർത്തും. നമ്മുടെ രാജ്യത്തു തൊഴിലാളികളെ ഒന്നായി കാണുക, കൃഷിക്കാരെ ഒന്നായി കാണുക, അവരുടെ കൃഷിക്കാർക്കു അനുകൂലമായി നടപടിയെടുത്തുകൊള്ളട്ടെ, പക്ഷേ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ നോക്കാതെ പാർട്ടിനോക്കാതെ ജാതി നോക്കാതെ അവർ നീതിനടത്തണം.

ശ്രീ. എം. രാമുണ്ണി: ഈ വിഭാഗീയ ചിന്താഗതികളും നിങ്ങൾക്കാണുള്ളത്, എല്ലാവരേയും ഒന്നിച്ചുകാണാൻ നിങ്ങളും തയ്യാറില്ല, അവരുടെ തൊഴിലാളികളെ കൊല്ലുന്നു എന്നാണ് പറയുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അങ്ങനെയല്ല ആരോപണം.

മാർക്സിസ്റ്റുകാരെ ഒരു കണ്ണുകൊണ്ടുകാണുകയും മറ്റുള്ളവരെ മറ്റൊരു കണ്ണുകൊണ്ടു കാണുകയും ചെയ്യുന്നു എന്നുള്ളതല്ല ആരോപണം. അവരുടെ ആരോപണമെന്താണെന്നുവച്ചാൽ മറ്റുള്ളവരെല്ലാം സ്ഥാപിതതാൽപ്പര്യക്കാർക്കുവേണ്ടിനിൽക്കുന്നു, കൃഷിക്കാർക്കെതിരായി നിൽക്കുന്നു എന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള ആരോപണമല്ല അവർ ഉന്നയിച്ചിരുന്നത്. അവർ ഇവിടെ നടത്തിയ എല്ലാകാര്യങ്ങളും ശരിയായി പരിശോധിച്ചു നോക്കുകയാണെങ്കിൽ ഈ രാജ്യത്തു അവർ വളരെ

LIBRARY ARCHIVES Kerala Legislative Assembly

തെറ്റായ ഒരു പ്രവർത്തന ശൈലിയാണ് ആരംഭിച്ചിരിക്കുന്നതെന്നു കാണാൻ സാധിക്കും. ഞങ്ങളാണ് എല്ലാവരുടേയും പ്രതിനിധികൾ, എല്ലാത്തിന്റെയും കുത്തകകൾ, എല്ലാവരും ഞങ്ങളെയൊണ് ആദരിക്കേണ്ടത്; ഇല്ലെങ്കിൽ അടിക്കും; അക്രമം ഉപയോഗിച്ചും അടിച്ചമർത്തും; അധികാരമുണ്ടെങ്കിൽ അധികാരമുപയോഗിച്ചും, അധികാരമില്ലെങ്കിൽ ബലം പ്രയോഗിച്ചും ഇങ്ങനെ ബലം പ്രയോഗിച്ചു അക്രമം അഴിച്ചുവിടുകയും അതിനുവേണ്ടി ജനസ്വാധീനമുള്ള ഒരു പാർട്ടി പ്രഖ്യാപനം പുറപ്പെടുവിക്കുകയും ചെയ്താൽ ഗവൺമെന്റു യന്ത്രത്തിനു അതിനെ നേരിടേണ്ടതായിട്ടു വരും. അങ്ങനെ വരുമ്പോൾ അതു ചിലപ്പോൾ ചില സന്ദർഭങ്ങളിൽ ഏകസ്സായി എന്നും വന്നേയ്ക്കാം. അങ്ങനെ ഏകസ്സുണ്ടാകുകയാണെങ്കിൽ അതിനെസംബന്ധിച്ചു വ്യക്തമായ ആരോപണമുന്നയിച്ചാൽ ഗവൺമെന്റു അതിനെ സംബന്ധിച്ചുഅന്വേഷിക്കുന്നതാണെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പോലീസു മന്ത്രിയും അർത്ഥശങ്കയ്ക്കു ഇടനൽകാത്തവിധം പറഞ്ഞിട്ടുണ്ട് അതിനുവേണ്ടി അന്വേഷണം നടത്തും കുറ്റക്കാരുണ്ടെങ്കിൽ ശിക്ഷിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പക്ഷേ ഇവർ പറയുന്നതു എന്താണ്. ഏതു പരിഷ്കൃത ഗവൺമെൻറായിരുന്നാലും ശരി ഒരു ഗവൺമെൻറിനെ ഭീക്ഷണിപ്പെടുത്തി, ഞങ്ങൾ ആയുധമെടുക്കും, ഞങ്ങൾ നിങ്ങളെ ശരിപ്പെടുത്തും എന്നു പറയുന്നത് ഭൂഷണമല്ല. ഇന്നലെ നിയമസഭയിൽ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു പത്രത്തിൽ കണ്ടതുപോലെ ഭരണ കക്ഷി മന്ത്രിമാരും എം. എൽ. എ. മാരും തങ്ങൾ പറയുന്നതുപോലെ കേൾക്കണം ഇല്ലെങ്കിൽ തട്ടിക്കളയും എന്നുള്ള മനോഭാവത്തോടുകൂടി രാഷ്ട്രീയം കൈകാര്യം ചെയ്യാൻ ശ്രമിച്ചാൽ ഈ രാജ്യത്തു അരാജകത്വം വളർത്തിയെടുക്കാമെന്നുള്ളതല്ലാതെ മറ്റു യാതൊരു പ്രയോജനവുമില്ല. അങ്ങനെ ഈ രാജ്യത്തു അരാജകത്വം വളർത്താൻ ശ്രമിക്കുമ്പോൾ അതിനെതിരായുള്ള പോലീസു നടപടിയെ അക്രമം എന്നു വിശദീകരിച്ചുകൊണ്ടുള്ള സമീപനം അവസാനിപ്പിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും പോലീസു എക്സസിനെപ്പറ്റി അന്വേഷിക്കാമെന്ന മനോഭാവം കാണിച്ചതുപോലെ തന്നെ പ്രതിപക്ഷത്തുള്ള നേതാക്കൻമാരും ഒരു കാര്യം ശ്രദ്ധിക്കണം. ഈ രാജ്യത്തു ഇതുപോലുള്ള എത്ര സാഹചര്യംവേണമെങ്കിലും നിരത്തിവയ്ക്കാൻ സാധിക്കും. ദിനപത്രങ്ങളിൽ വന്നിട്ടുള്ള വസ്തുതകളാണ് അതെല്ലാം. മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിക്ക് ശക്തിയുള്ള പ്രദേശങ്ങളിൽ അവരുടെ പാർട്ടിക്കാരല്ലാത്തവരുടെ നേരെ കൈയേറ്റമുണ്ടാകുന്നുണ്ട്. പല രേയും കൊന്ന സാഹചര്യങ്ങളെപ്പറ്റിയും ഇവിടെ പറയുകയുണ്ടായി. ഞാൻ അതൊന്നും വിശദീകരിക്കാൻആഗ്രഹിക്കുന്നില്ല. അങ്ങനെ മറ്റുപാർട്ടിയിൽപ്പെട്ട ആളുകളെ, കൃഷിക്കാരെ ബലമുപയോഗിച്ചു കുരുതിചെയ്യുന്നതിനുള്ള ശ്രമത്തിൽ നിങ്ങൾ ഗവൺമെൻറു ഭാഗത്തുനിന്നും കാണിക്കുന്ന ഒരു മനോഭാവമെങ്കിലും സ്വീകരിക്കാൻ തയ്യാറുണ്ടോ? അക്രമം ആരുടെഭാഗത്തുനിന്നും വന്നാലും അവരെ നിരുൽസാഹപ്പെടുത്താനും അതിനെസംബന്ധിച്ചു അന്വേഷിക്കാനുമുള്ള മനോഭാവം അവരുടെ ഭാഗത്തുനിന്നും പ്രകടിപ്പിക്കാൻ തയ്യാറാകുമോയെന്നാണ് അറിയേണ്ടത്. അവർ എങ്ങനെയാണ് രാജ്യത്തു മുദ്രാവാക്യം വിളിക്കുന്നതെന്നുള്ളതിനെസംബന്ധിച്ചും മറ്റും നമുക്കറിയാം. ഇന്നലെ നിയമസഭയിൽ നടത്തിയതുപോലെയുള്ള പ്രവർത്തനങ്ങളാണ് അവർ ഈ രാജ്യത്തു അഴിച്ചുവിടാൻ പോകുന്നതെന്നുള്ളതിനെസംബന്ധിച്ചു നമുക്കു ആശങ്കിക്കേണ്ടതുണ്ട്.

ഏതായാലും തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള സമരങ്ങളേയും പ്രക്ഷോഭണങ്ങളേയും യാതൊരുവിധ മർദ്ദ

LIBRARY ARCHIVES Kerala Legislative Assembly

നേങ്ങളുമുപയോഗിക്കാതെ അംഗീകരിക്കുകയും വളരെ സമാധാനമനോഭാവത്തോടുകൂടി അതിനനുസരിച്ചുള്ള, നടപടികളും എടുക്കുകയുംചെയ്യുന്നതോടൊപ്പംതന്നെ ഈ രാജ്യത്തു ശിഥിലീകരണപ്രവർത്തനങ്ങളും, അക്രമപ്രവർത്തനങ്ങളും കൈക്കൊള്ളുന്നവരുടെ പേരിൽ നടപടികളെടുക്കുകയും മറ്റുള്ളവരെ കൊലചെയ്യുന്നതിനും ഉപദ്രവിക്കുന്നതിനും ഉള്ള പ്രവണതകളും അവസാനിപ്പിക്കുന്നതിനു വേണ്ടതെല്ലാം ചെയ്യുകയും ചെയ്യാൻ ഈ ഗവൺമെന്റു ശ്രദ്ധിക്കണം.

സർ, ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്നലെ ഇവിടെ നടന്ന സംഭവങ്ങളെപ്പറ്റിയാണ് എനിക്കു പറയാനുള്ളത് അതു ശരിയാണോയെന്നു എനിക്കു അറിഞ്ഞുകൂടാ. നമ്മുടെ ഈ സർക്കാർ ജീവനക്കാർക്കു സംഘടനകളുണ്ട്. അവരുടെ ആവശ്യങ്ങളും നേടിയെടുക്കുന്നതിനുള്ള സമരങ്ങളേയും പ്രകോഭണങ്ങളേയും സർക്കാർ സൻമനോഭാവത്തോടുകൂടി വീക്ഷിക്കേണ്ടതാണ്. ചെയ്യാനൊക്കുന്ന ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കേണ്ടതാണ്. പക്ഷേ സർക്കാർ ജീവനക്കാരുടെ സംഘടനാ നേതാക്കൻമാരോടു എനിക്കു ഒരു അഭ്യർത്ഥനയുണ്ട്. അവർ ഒരു കാര്യം പരിശോധിക്കേണ്ടതാണ്. ട്രാൻസ്പോർട്ടു സമരത്തോടനുബന്ധിച്ചുള്ള പിക്കറിംഗിൽ എൻ. ജി. ഒ. സംഘടനകളും പങ്കെടുക്കേണ്ടതുതുണ്ടോ? കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികളും നടത്തുന്ന സമരത്തിൽ സർവ്വീസു സംഘടനകളുടെ പ്രതിനിധികളും പങ്കെടുക്കേണ്ടതുണ്ടോ? പങ്കെടുക്കേണ്ടതുണ്ടെങ്കിൽ എല്ലാ ആളുകളുംക്കുമാകാം. എൻ. ജി. ഓ. മാർ മാത്രമായിട്ടു വേണ്ട, ജി. ഓ. മാർക്കു ആകാം. പോലീസു ഉദ്യോഗസ്ഥൻമാരോടും അവരുടെ നിവേദനം സമർപ്പിച്ചിട്ടു സമരംചെയ്യാൻ പറയാമല്ലോ. ഞാൻ അതു പറയാൻ കാരണം, ചില സ്ഥലങ്ങളിൽ എൻ. ജി. ഒ. യൂണിയന്റെ പ്രതിനിധികളും തന്നെ ട്രാൻസ്പോർട്ടു സമരം അവരുടെ സമരമായിട്ടു തന്നെ കൊണ്ടുപോകുന്നതിനും മറ്റും ശ്രമിക്കുന്നുണ്ടു എന്നുള്ളതുകൊണ്ടാണ്. തൊഴിലാളിസമരങ്ങളെ അനുകൂലിക്കുന്നു അതിനുവേണ്ടതെല്ലാം ചെയ്യുന്നു എന്നുള്ളതാണെങ്കിൽ മനസ്സിലാക്കാം. സ്വന്തം ആവശ്യത്തിനുവേണ്ടി പ്രകോഭണങ്ങളും സമരങ്ങളും നടത്തുന്നതു മനസ്സിലാക്കാം ഏതായാലും സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സംഘടനകളും തൊഴിലാളി സമരങ്ങളിൽ പങ്കെടുത്തു ആ സമരം ഏറെറടുത്തു നടത്താൻ തയ്യാറാകുന്നതു ശരിയാണോ? സർക്കാർ ജീവനക്കാരുടെ സംഘടനകളുടെ ഉത്തമതാൽപ്പര്യത്തിനു യോജിച്ചതാണോ എന്നുള്ളതു പരിശോധിക്കേണ്ടതാണ്. ഇതു പ്രോൽസാഹിപ്പിക്കേണ്ടതാണോയെന്നു ഗവൺമെന്റു പരിശോധിക്കണമെന്നും എനിക്കു അഭ്യർത്ഥനയുണ്ട്.

ശ്രീ. കെ. കെ. അബു: അതുകൊണ്ടാണോ ഇന്നലെ കുറെ ആളുകളെ അറസ്റ്റുചെയ്തുകൊണ്ടുപോയി ലാക്കപ്പിൽ വച്ചത് അവരെ ഭീഷണിപ്പെടുത്താൻവേണ്ടിയാണോ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: പിക്കറുചെയ്യുന്നവർ ആരായിരുന്നാലും ശരി അവരെ അറസ്റ്റുചെയ്യും. നമ്മളെയൊക്കെ അറസ്റ്റു ചെയ്തിട്ടുമുണ്ടല്ലോ. 67—ലെ ഈ ഗവൺമെന്റു വന്നതിനുശേഷം തന്നെ എന്നെ അറസ്റ്റു ചെയ്തിട്ടുണ്ട്, പിക്കറു ചെയ്തതിനു. അപ്പോൾ പിക്കറു ചെയ്താൽ ആരെയായാലും അറസ്റ്റുചെയ്യും.

ശ്രീ. എം. രാമുണ്ണി: പിക്കറു ചെയ്യുമ്പോൾ അറസ്റ്റു ചെയ്തുകൂടെ, ഇതു അങ്ങനെയല്ല, അഞ്ചു മണിക്കാണു പിക്കറു ചെയ്തത്. അതിനു മുമ്പേ അറസ്റ്റു ചെയ്യണമോ?

LIBRARY ARCHIVES Kerala Legislative Assembly

പിക്കറ്റുചെയ്താൽ അറസ്റ്റു ചെയ്യും. എന്നെ അറസ്റ്റു ചെയ്ത പ്പോഴും ഞാൻ എം എൽ. എ. ആയതുകൊണ്ട് ഏതിനു് എന്നെ അറസ്റ്റു ചെയ്തു എന്നൊന്നും ചോദിച്ചില്ല. ഞാൻ കൂടി ആ സമരത്തിൽ പങ്കാളി യായിരിക്കുമ്പോഴാണ് അറസ്റ്റുചെയ്തത്. ഞാൻ ഒരു പ്രതിഷേധ പ്രകടനവും നടത്തിയില്ല. കാരണം ഞാൻ അറിഞ്ഞുകൊണ്ടുതന്നെയാണ് പിക്കറ്റുചെയ്യാൻ പോന്നത്. ബഹുമാനപ്പെട്ട അബു പറഞ്ഞപ്പോഴാണു ഞാൻ കുറച്ചുകൂടി മനസ്സിലാക്കിയത്. തൊഴിലാളികളെന്നുള്ള നിലയിൽ അവർ തന്നെ പിക്കറിംഗും പണിമുടക്കും ഒക്കെ ചെയ്യുക എന്നുള്ള സംപ്രദായം.

ശ്രീ. കെ. കെ. അബു: പിക്കറിംഗ് ഉണ്ടായില്ല. വെറും സത്യാഗ്രഹമാണ്. അതു മൗലികാവകാശമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അതു മൗലികാവകാശമാണോ എന്നു ള്ളതു സർവ്വീസ് സംഘടനകളും തന്നെ ആലോചിക്കണം. എല്ലാ സമരങ്ങ ളിലും, തൊഴിൽസമരങ്ങളിലും, സർവ്വീസ് സംഘടനകളും ഗവൺമെന്റ് സർവെൻറ്സ് ചെയ്യുന്ന പിക്കറിംഗിലും സമരങ്ങളിലുമൊക്കെ അറസ്റ്റു വരിച്ച്, അറസ്റ്റുവരിച്ചാൽ കോടതി രണ്ടുമാസം ശിക്ഷിക്കും. അക്കാല മത്രയും അവധിയാണോ അതോ സർവ്വീസ് റൂൾസ് മാറണമോ? സർവ്വീസ് റൂൾസു വേണ്ടെന്നുവയ്ക്കാം, അല്ലെങ്കിൽ കെ. എസ്. ആർ. മാറ്റാം.

ശ്രീ. ജെ. എ. ചാക്കോ: തൊഴിൽസമരങ്ങളിൽ തൊഴിലാളികളും സമരം ചെയ്താൽ സമരം ചെയ്യുന്ന ദിവസത്തെ കൂലി തൊഴിലാളികൾക്കു കിട്ടുക സാധ്യമാണോ? അതിനു വിപരീതമായി കൂടുതൽ ആനുകൂല്യം സർവ്വീസ് സംഘടനയിൽപ്പെട്ട ആളുകളും സമരംചെയ്താൽ അന്നത്തെ ശമ്പളംകൂടി കിട്ടത്തക്ക ആനുകൂല്യം കൊടുക്കുന്നതു ശരിയാണോ?

ശ്രീ ഇ. ചന്ദ്രശേഖരൻനായർ: അതറിഞ്ഞുകൂടാ. സർവ്വീസിലുള്ള ആളുകളെ അറസ്റ്റുചെയ്താൽ കോടതിയിൽനിന്നു രണ്ടുമാസം ശിക്ഷി ക്കണമെന്നാണു നിയമം. ട്രാൻസ്പോർട്ടു സമരമോ കശുഅണ്ടിസമരമോ ഒത്തുതീർപ്പായാൽ ഇനി ഇതുകൂടി എഴുതിവയ്ക്കേണ്ടതുണ്ട്. ''ഒരു സമരത്തിൽ പങ്കെടുത്ത ആൾ എൻ. ജി. ഒ. ആയാലും അയാൾക്ക് അക്കാ ലത്തെ ശമ്പളംകൂടി കൊടുക്കണം. നേരേമറിച്ച് എൻ. ജി. ഒ. മാരുടെ പ്രശ്നങ്ങളിൽ സമരംചെയ്യുകയും പിക്കറ്റുചെയ്യുകയും അറസ്റ്റുവരി ക്കുകയും അക്കാലത്തെ ശമ്പളം കൊടുക്കുന്നതും മനസ്സിലാക്കാൻസാധിക്കും. അതു ചെയ്യേണ്ടുന്നതുമാണ്. അവർക്കു സംഘടിക്കാനും അവരുടെ ആവശ്യ ങ്ങൾക്കുവേണ്ടി പോരാടാനും—അതിനു വളരെ അയവേറിയ മനോഭാവം സ്വീകരി ക്കുന്നതിലും തെറ്റില്ല. പക്ഷേ ഈ രാജ്യത്തു പലപ്പോഴും രാഷ്ട്രീയ ഉദ്ദേശത്തോടുകൂടി തൊഴിലാളികളും അവരും നടത്തുന്ന പല സമരങ്ങളിലും സജീവ പങ്കാളികളായി, സമരത്തിന്റെ മുന്നണിപ്പടയാളികളായി ജയിൽശിക്ഷ യൊക്കെ അനുഭവിക്കാൻ തുടങ്ങിയാൽ സർവ്വീസ് റൂൾസ് മാറുന്നതിനെ സംബന്ധിച്ച് ആലോചിക്കേണ്ടതായിവരും. ഞാൻ അതിൽക്കൂടുതലൊന്നും പറയുന്നില്ല. അതുകൊണ്ട് ആ സമരത്തിന്റെ കാര്യം സർവ്വീസ്സംഘടന കളും സർവ്വീസും കാര്യമായി പര്യാലോചിക്കേണ്ടതായിട്ടുണ്ട്. ഇല്ല എന്നു ണ്ടെങ്കിൽ ഈ രാജ്യത്തെ ട്രേഡ്യൂണിയൻ ലീഡേഴ്സുമായി അതിനെക്കുറിച്ചു കാര്യമായി പര്യാലോചിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

മി. സ്പീക്കർ: ഈ ചർച്ചയ്ക്ക് ഒരു മണിക്കൂറാണ് വച്ചിരുന്നത്. എന്റെ മുമ്പിൽ ഒരു ടൈംപീസ് ഉണ്ടായിരുന്നു. ഇപ്പോഴതില്ല. അതു കൊണ്ട് ആ ക്ലോക്കുനോക്കി സമയം നിശ്ചയിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മറ്റപ്പള്ളി മജീദ്: ഇന്നലെ വല്ലവരും കൊണ്ടുപോയതാണോ?

മി. സ്പീക്കർ: അതു വലിച്ചെറിഞ്ഞതാണ്. ഏതായാലും എത്ര സമയം കൂടി വേണം?

ശ്രീ. ടി. കെ. ദിവാകരൻ: 15 മിനിട്ടുകൂടെ നീട്ടിയാൽമതി.

ശ്രീ ജോസഫ് ചാഴിക്കാട്ട്: സർ, 1969 ഒക്ടോബർ 24—ാം തീയതി സപ്തമുന്നണികക്ഷിയുടെ നേതാവ് രാജിവച്ചുപിരിഞ്ഞു. ആ ഭരണവും അവസാനിച്ചു. അതിനുശേഷം എന്തായിരിക്കുമെന്നു ഞങ്ങളെല്ലാം വിചാരിച്ചു കൊണ്ടിരുന്നു. എന്നാൽ ഒരാഴ്ചയ്ക്കകം ഇന്ന് ഇവിടെ ഈ രാജ്യം ഭരിക്കുന്ന ഈ ഗവൺമെൻറ് ഭരണഭാരം ഏറ്റെടുത്തു. വളരെ നന്നായി, അതു ധീരതയായി; അവരെ ഞാൻ അഭിനന്ദിക്കുന്നു. ഇന്നത്തെ ഈ കക്ഷി ഭരണഭാരം ഏറ്റെടുക്കാതിരുന്നെങ്കിൽ ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട് വിചാരിച്ചിരുന്നത് രാജിവച്ചു പിരിഞ്ഞതിനുശേഷം കുറേക്കാലത്തേക്ക് ഒരു അനാഥാവസ്ഥ രാജ്യത്ത് അഴിച്ചുവിടാം, ഒരുകൊല്ലത്തിനുശേഷമോമറേറാതിരഞ്ഞെടുപ്പു നടത്തിയിട്ട് പുതിയ ഗവൺമെൻറ് ഉണ്ടാക്കുകയും ചെയ്യാമെന്നാണ്. അങ്ങനെ വന്നിരുന്നെങ്കിൽ ഈ രാജ്യത്തെ സ്ഥിതി വളരെ കുഴപ്പത്തിലാകുമായിരുന്നു. ഈ ഗവൺമെൻറ് ധൈര്യമായി മുന്നോട്ടു വന്ന് അതിൻെറ നേതാക്കൾ അതിൻെറ ഭരണഭാരം ഏറ്റെടുത്തതു നന്നായി. രാജ്യത്തിനു രക്ഷാകരമായി. ഈ ഗവൺമെൻറിനെയും അതിനുവേണ്ടി ശ്രമിച്ചവരെയും ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ അതിനുശേഷമുള്ള ഭരണം, വടക്കുവശത്തോട്ടുനോക്കിയാൽ വിട്ടിരിക്കുന്നു കുറെ സ്ഥലം. അതിനു കാരണമെന്താണെന്നാണ് ഞാൻ ആലോചിക്കുന്നുന്നത്. അതായത് സപ്തകക്ഷി ഭരിച്ചിരുന്നകാലത്ത് ഏകദേശം 115, 120—ഓളം ആളുകൾ ഭരിക്കുന്ന ഭാഗത്തും പ്രതിപക്ഷം വളരെ ശുഷ്ക്കമായ ഒരു ഭാഗവുമായിരുന്നു. ഡെമോക്രസിയിൽ, ഭരിക്കുന്ന കക്ഷിക്ക് ബലം ഉണ്ടായിരിക്കുകയും അതേ സമയത്ത് പ്രതിപക്ഷവും കൂടി കുറച്ചു ബലമുള്ളതായിരുന്നെങ്കിൽ മാത്രമേ ഡെമോക്രസി ശരിയായി വളരുകയുള്ളൂ. പ്രസിദ്ധനായ ചരിത്രകാരൻ ബന്താം പറയുന്നത് കടൽത്തീരത്ത് തിരമാലകൾ തുടർച്ചയായി അഹോരാത്രം അടിച്ചുകൊണ്ടിരിക്കുന്നതിൻെറ ഫലമായി കടൽത്തീരം ശുദ്ധമായിത്തീരുന്നതുപോലെ ഡെമോക്രസിയിൽ ശക്തിയുള്ള പ്രതിപക്ഷം ഉണ്ടായിരുന്നാൽ മാത്രമേ ഭരണകക്ഷിയിൽ കാണുന്ന മാലിന്യങ്ങളെ പറഞ്ഞു മനസ്സിലാക്കി തുടച്ചുമാറ്റുന്നതിനു സാധിക്കുകയുള്ളൂ എന്നാണ്. പ്രതിപക്ഷത്തിന് ശക്തി ഉണ്ടായിരിക്കുന്നതുകൊണ്ട് ഡെമോക്രസിയുടെ വളർച്ചയ്ക്കും ശരിയായി ഭരിക്കാനും സഹായകമായിത്തീരുന്നതാണ്. അതനുസരിച്ച് ഇപ്പോഴത്തെ ഭരണംവന്നപ്പോൾ ശക്തിമത്തായ ഭരണകക്ഷിയും അതുപോലെതന്നെ ശക്തിയുള്ള പ്രതിപക്ഷവും ഉണ്ടായിരുന്നു. എന്നാൽ ആ പ്രതിപക്ഷം അവരുടെ അവകാശം ഉപയോഗിച്ചുകൊണ്ട് രാജ്യഭരണത്തിൽ വരുത്തേണ്ട മാറ്റങ്ങളോ പിശകുകളോ ഉണ്ടെങ്കിൽ എന്തെങ്കിലും ചൂണ്ടിക്കാണിക്കുന്നതിനു ശ്രമിക്കാതെകണ്ട് കുഴപ്പമുണ്ടാക്കുന്നതിനുവേണ്ടി ഈ രാജ്യത്തു ശ്രമം നടത്തിക്കൊണ്ടിരിക്കുന്നതിൻെറ ഫലം ഇന്നലെ അവസാനത്തിൽ നാം കാണുകയുംചെയ്തു. അതിൻെറ ഫലമായി ഇതാ ഈ സ്ഥലം മുഴുവനും ഒഴിഞ്ഞുകിടക്കുന്നു. അവർ ഇവിടെ വന്നിരുന്നു പറയണ്ടേ? ഇന്ന് അപ്രോപ്രിയേഷൻബിൽ പാസ്സാക്കുന്ന ദിവസമല്ലേ? അതിനു ചുമ്മാ പോയിരിക്കുന്നു. ഇതാണോ പ്രതിപക്ഷം ചെയ്യേണ്ട കടമ? ഇതല്ല പ്രതിപക്ഷം ചെയ്യേണ്ടതേ. പ്രതിപക്ഷം ശരിയായി വന്നു നിരൂപണം ചെയ്യേണ്ടതായിരുന്നു. അതു ചെയ്തില്ല. അതു കൃത്യവിലോപമാണെന്നാണ് എൻെറ വിശ്വാസം. സർ, സമയം കുറവാണെന്നുപറഞ്ഞു. കുറച്ചുസമയം നീട്ടിക്കിട്ടണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: വളരെ കുറച്ചു സമയമേയുള്ളൂ. 9.15-നു തീരേണ്ടതാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എനിക്കു പല സബ്ജക്ടുകളും ചുരുക്കമായി പറയാനുണ്ട്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെപ്പറ്റി എനിക്കു പറയാനുണ്ട്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ദിവസേന ദിവസേന എന്നു പറഞ്ഞ പോലെ പണം ഒന്നിന് ഒന്നിന് കൂടുതലായി ചെലവുചെയ്തുകൊണ്ടിരിക്കുകയാണ്. നമുക്ക് അതിനാവശ്യമുള്ള ചെലവുചെയ്യത്തക്കവണ്ണമുള്ള പണം നമ്മുടെ ഖജനാവിൽ ഉണ്ടാകുമോ എന്നുതന്നെ സംശയിക്കേണ്ടതായിട്ടാണിരിക്കുന്നത്. പക്ഷേ ആരെല്ലാം എതിർത്താലും വേണ്ടില്ല, എന്തുചെയ്താലുംവേണ്ടില്ല പള്ളിക്കൂടത്തിൽ ഫീസ് ഏർപ്പെടുത്തണമെന്നു ഞാൻ വീണ്ടും ആവർത്തിച്ചു പറയുകയാണ്. എന്തിനാണ് ഇത്ര ഭീരുത്വം കാണിക്കുന്നത്? 500 രൂപ വരുമാനമുള്ളവർ രണ്ടോ മൂന്നോ രൂപതരണമെന്നു പറഞ്ഞാൽ ആരാണ് തരാത്തത്? ഫീസ് തരികയില്ലേ? അല്ലെങ്കിൽ നിങ്ങൾ ഫീസിനുവേണ്ടി ഒരു നിയമം ഉണ്ടാക്കൂ. എനിക്കു ഫീസ്തരാൻസാധ്യമല്ലെന്നു പറയുന്നവർ ഫീസ് തരേണ്ട എന്ന ഏർപ്പാട് ഉണ്ടാക്കൂ. ഞാൻ ഇതു കുറേനാളായി പറയുന്നുണ്ട്. ഫീസില്ലാത്ത വിദ്യാഭ്യാസം കുത്തഴിഞ്ഞ പുസ്തകമാണോ എന്നുപോലും സംശയമുണ്ട്. ഞാൻ ഈ പറയുന്നതിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ വരട്ടെ എന്നു കൂടി ഓർത്തുകൊണ്ട് ആണ് ഞാൻ സംസാരിക്കുന്നത്. ഫീസ് ഏർപ്പെടുത്തേണ്ടതാവശ്യമാണ്. ഇല്ലെങ്കിൽ വിദ്യാഭ്യാസം കൂടുതൽ അധ:പതിക്കുന്നു, കൂടുതൽ അധ:പതിച്ചു പോകുകയുംചെയ്യും. ഫീസ് ഏർപ്പെടുത്തുന്നതുകൊണ്ട് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനുവേണ്ട ചെലവിനുവേണ്ട ഒരു വലിയ സംഖ്യ ഉണ്ടാക്കാൻ ആർക്കും വലിയ വിഷമം കാണുകയില്ല. അതുകൊണ്ട് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഫീസ് ഏർപ്പെടുത്തുന്നകാര്യത്തെപ്പറ്റി—ഒരു അഞ്ചാം ക്ലാസുമുതൽ മേലോട്ട് പ്രതിമാസം രണ്ടുരൂപ ഒരു കുട്ടിയിൽനിന്നു ഫീസ് ഈടാക്കത്തക്കവണ്ണം ഒരുനല്ല പ്ലാൻ നിങ്ങൾ ആലോചിക്കുന്നതുകൊള്ളാം. കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ, കാണാൻ കണ്ണുള്ളവർ കാണട്ടെ.

സർ, ട്രാൻസ്പോർട്ടു സമരം, അതൊക്കെ കെട്ടടങ്ങി എന്നു തോന്നുന്നു ഇപ്പോൾ, എങ്കിലും സർ, ഇവർ ട്രാൻസ്പോർട്ടു സമരം നടത്തിയാൽ ആർക്കാണ് ദോഷം ഉണ്ടാകുന്നത്? സാധുക്കൾ, രോഗികൾ, കച്ചേരിയിൽ പോകുന്നവർ, വഴിയാത്രക്കാർ, വിദ്യാർത്ഥികൾ, ഗർഭിണികൾ, പെണ്ണുങ്ങൾ, സ്ത്രീകൾ. ഇങ്ങനെയുള്ളവരോടാണ് അവർ സമരം ചെയ്യുന്നത്. പെണ്ണുങ്ങളും സ്ത്രീകളും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഞാൻ അതു വ്യാഖ്യാനം ചെയ്യേണ്ടയാവശ്യമില്ല. നിങ്ങൾക്കൊക്കെ അറിയാമെന്നു തോന്നുന്നു. അവർ ട്രാൻസ്പോർട്ടുബസ്സിനു തീവച്ചു. ആളുകൾ ചത്തു, കരിഞ്ഞു. ദഹിച്ച് അവിടെ ഇരുന്നു. ഇതൊക്കെ മാനുഷികമാണോ സർ? മൃഗീയമായ പ്രവൃത്തികളല്ലേ ചെയ്യുന്നത്? ട്രാൻസ്പോർട്ടു് ശരിയായവിധത്തിൽ നടക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറ് ശ്രമങ്ങൾ നടത്തുകയാണ്. അതു നന്നായി, ജനങ്ങളെ രക്ഷിക്കുന്നതിന്.

[Dy. Speaker in the Chair]

സർക്കാരിൻറെ ഒരു വണ്ടിക്ക് നാൽപതിനായിരവും എഴുപതിനായിരവും എൺപതിനായിരവും രൂപ വിലയുണ്ട്. ആ വണ്ടികൾ കത്തിച്ചുകഴിഞ്ഞാൽ നാമല്ലേ വീണ്ടും പണം ചെലവാക്കുന്നത്. വികാരം മൂലം ആളുകൾ കാര്യം മനസ്സിലാക്കാതെയാണ് ട്രാൻസ്പോർട്ടുസമരം ഉണ്ടായി വണ്ടിക്ക് തീ വയ്ക്കുകയും മറ്റും ചെയ്യുന്നത്. ഇനി നിയമസഭയെപ്പറ്റി ഒരു കാര്യം പറയാം സർ,

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: അപ്രോപ്രിയേഷൻ ബില്ല് 9.15 ന് പാസ്സാക്കണം. അതുകൊണ്ട് രണ്ടോ മൂന്നോ മിനിട്ടുകൂടി സംസാരിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒമ്പതേകാലു വരെ ഉണ്ടോ?

ഡെപ്യൂട്ടി സ്പീക്കർ: ഒമ്പതേകാലിന് ബില്ലു പാസ്സാക്കണമെന്നാണ് പറഞ്ഞത്, വേറെയും മെമ്പർമാർ സംസാരിക്കുവാനുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് രണ്ടു മിനിട്ടുകൂടി എടുക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ നിയമസഭയിൽ നടക്കുന്ന ഓരോ ദിവസത്തെയും നടപടികളും അച്ചടിച്ച് പുസ്തകമാക്കി തരുന്ന ഏർപ്പാട് ഉണ്ടായിരുന്നു. ഇപ്പോഴത് അതില്ല. ഞങ്ങളും ഇവിടെ പറയുന്ന പ്രസംഗങ്ങളും അന്നുതന്നെ കിട്ടത്തക്കവിധമുള്ള ഇടപാടുകളും ഉണ്ടായിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെ പുസ്തകമുണ്ടോ? അത് സ്പീക്കറോടു പറഞ്ഞാൽ മതി. ഇവിടെ പറയേണ്ടതില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പുസ്തകം അച്ചടിച്ചുകൊടുക്കുന്ന പതിവ് ഉണ്ട്. അതിന്റെ ഭാരവാഹികളോട്.....

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ഇന്നത്തെ കൂക്കുവിളിയും മറ്റും പുസ്തകമാക്കിത്തരാൻ സാധിക്കുമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പുസ്തകം കൂടാതെ കൂക്കുവിളിക്കാമല്ലൊ? അതുകൊണ്ട് അത് ആവശ്യമായിട്ടും അച്ചടിച്ചു കൊടുക്കേണ്ടതാണ്.

സർ, ഒരു വാചകം കൂടി. എൻ. ജി. ഒമാർ ഈ രാജ്യത്തു നടന്ന സമരങ്ങളെ സഹായിക്കുന്നതിനായിട്ട് മുന്നോട്ടുവരുന്നത് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതിയാണ്. ട്രാൻസ്പോർട്ടു് വണ്ടികളും ബോർഡും വച്ചുകൊണ്ടു പോകുന്നതനുസരിച്ച് ഒന്നും നാളെമുതൽ സ്ഥാനത്ത് എത്തുന്നതല്ല എന്ന് എൻ. ജി. ഒ. യൂണിയൻ സെക്രട്ടറി പ്രസ്താവന ചെയ്തതായിട്ട് ഞാൻ പത്രത്തിൽ വായിച്ചു. ഗവൺമെന്റ് സർവ്വീസിൽ ആണ് ഇരിക്കുന്നത്, ഗവൺമെന്റു സർവ്വീസിൽ ഇരുന്നുകൊണ്ട് ഗവൺമെന്റ് ചെയ്യുന്ന പ്രവൃത്തികൾക്ക് എതിരായിട്ട് പ്രഖ്യാപനം നടത്തുകയും അതു പരസ്യം ചെയ്യുകയും ചെയ്യുന്നത് അനുവദനീയമാണോ? അപ്പോഴും ഇവിടെ എന്തും നടക്കുമെന്നുള്ളതല്ലേ? ഈ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിച്ച് ഈ വക സ്റ്റേറ്റുമെന്റുകളും ഇറക്കാതിരിക്കത്തക്ക നടപടിയെടുക്കുകയോ നിർദ്ദേശം കൊടുക്കുകയോ ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

സർ, പോലീസ് ആക്രമണങ്ങളെപ്പറ്റിയും ഒരുവാക്ക്. എതാണ്ട് ഒരു മാതിരി പോലീസിനെ ഇവിടെ കണ്ടിട്ട് കുറെ പേർക്ക് പേടിയാകുകയും ചെയ്തു. സി. ആർ. പി. യെ കണ്ടിട്ടാണു പേടിയായെന്നു പറഞ്ഞത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നതിനും പൂർണ്ണമായ ഉത്തരവാദിത്വം ഈ ഗവൺമെന്റിനു് ഉണ്ട്. ഇതു പാലിക്കുന്നതിനുവേണ്ടി എന്തെല്ലാം ചെയ്യണമോ അതൊക്കെ ധൈര്യമായിട്ടു ചെയ്യേണ്ടതാണ്. അക്രമമായ തല്ലും കൊലയും വേണമെന്നല്ല ഞാൻ പറയുന്നത്. ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടിയിട്ടു ചെയ്യേണ്ടതെല്ലാം ഗവൺമെന്റ് ചെയ്യേണ്ടതാണ്. ഇത്രയും സംഗതികളും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. കെ. അപ്പു: ഇന്നലെ ഈ നിയമസഭയിൽ ഉണ്ടായ സംഭവങ്ങളിൽ എന്റെ ഖേദവും പ്രതിഷേധവും പ്രകടിപ്പിക്കാനാണു ഞാൻ എഴുന്നേറ്റു

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നത്. നിയമസഭ ഈ നാട്ടിലെ ഏറ്റവും ഉന്നതമായ ഒരു സഭയാണ്. ഇതുന്നതമാണെന്ന് ആളുകളെ ബോധ്യപ്പെടുത്തേണ്ടതും ആവശ്യമാണ്. എന്തൊക്കെ പറഞ്ഞാലും നിയമസഭാസാമാജികൻമാർ സ്ഥാനത്തുനിന്നും ഇളകികൊണ്ടു പ്രവർത്തിക്കുന്നത് യാതൊരു വിധേനയും ന്യായീകരിക്കുവാൻ സാധ്യമല്ലഎന്നു പറയുവാൻ ഞാൻ ഈ സമയം ഉപയോഗിക്കട്ടെ. പ്രതിഷേധം പുറപ്പെടുവിക്കുന്നതിനായിട്ടു നിയമസഭ ഉപയോഗിക്കേണ്ടിവരും. അറ കൈയ്ക്ക് സ്ഥാനത്തു ഇരുന്നുകൊണ്ട് അല്ലെങ്കിൽ നിന്നുകൊണ്ട് , നിവൃത്തി യില്ലാത്തഘട്ടങ്ങളിൽ ഒച്ചപ്പാട് ഉണ്ടാക്കേണ്ടിവന്നിരുന്നാലും ഇതുവരെ അനു വദിക്കുന്നതു ശരിയല്ല. അറ കൈയ്ക്ക് ഇതു പാടില്ലാത്ത കൃത്യമായിട്ട് പറയാം. അങ്ങനെ ഇൻഡ്യയിൽ പല നിയമസഭകളിലും ഉണ്ടായിട്ടുണ്ട്. പക്ഷെ അതിൽ കൂടുതലായിട്ട്, നിയമസഭാദ്ധ്യക്ഷനെ എന്തെങ്കിലും തര ത്തിൽ ദ്രോഹിക്കുവാനുള്ള പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനെ ഒരു തരത്തിലും ന്യായീകരിക്കുവാൻ നിവർത്തിയില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. നിയമ സഭയിലെ സ്റ്റാഫ് അംഗങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിനെ തടയുന്നതരത്തിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് എന്തൊക്കെ ന്യായീകരണം ഉണ്ടായാലും സാധൂകരിക്കാൻ നിവർത്തിയില്ലെന്നു ഞാൻ ഒരിക്കൽക്കൂടി പറയുവാൻ ആഗ്രഹിക്കുകയാണ്. സർ, കക്ഷിവ്യത്യാസമില്ലാതെ അപലപിക്കേണ്ട ഒന്നാണ് ഈ സംഭവം. മൊത്തത്തിലുള്ള മാർക്സിസ്റ്റു പാർട്ടിയിലെ അംഗങ്ങൾ കൂടി ഹൃദയത്തിൽ വച്ചെങ്കിലും ഇതിനെ പ്രതിഷേ ധിക്കുന്നുണ്ടാകും. പക്ഷെ അതേയവസരത്തിൽ ഇന്നലെ ഇവിടെ വിവാദവിഷയ മായിട്ടുള്ള ഒരു കാര്യത്തിന്റെ സത്യാവസ്ഥയെക്കുറിച്ച് രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഓവർബ്രിഡ്ജിനടുത്തുവച്ചു നടന്ന യോഗത്തിൽ അവിടെ ലാത്തിച്ചാർജ് ഉണ്ടായില്ലെന്നാണ് ആഭ്യന്തരമന്ത്രിക്ക് വിവരം കിട്ടിയതെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹം കൽപ്പിച്ചുകൂട്ടി യല്ല ഇതു നിയമസഭയിൽ പറഞ്ഞതെന്നും ഞാൻ വിശ്വസിക്കുന്നു. സത്യം അറിയണമെന്നു അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. ഈ കാര്യം സംബന്ധിച്ച് ഞാൻ ചില തരത്തിലുള്ള അന്വേഷണം നടത്തി. എനിക്കു വിശ്വസിക്കുവാൻ പറ്റുന്ന, ദീർഘകാലമായി പരിചയമുള്ള ചില അധ്യാപകസുഹൃത്തുക്കളിൽ നിന്നു വിവരങ്ങൾ അറിയുവാൻ സാധിച്ചു. അവർ രാഷ്ട്രീയത്തിലുള്ളവരല്ല. രാഷ്ട്രീയക്കാർ വളച്ചൊടിച്ച് കാര്യങ്ങൾ പറയും. രാഷ്ട്രീയമില്ലാത്ത മൂന്നുനാലു അധ്യാപക സുഹൃത്തുക്കൾ പറഞ്ഞത് നിർദ്ദയമായ ലാത്തിച്ചാർജ് ഉണ്ടായിട്ടുണ്ടെന്നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ് അതുസംബന്ധിച്ച് ഒരു അന്വേഷണം നടത്തിക്കണമെന്ന്. കോടതിയെ കൊണ്ട് അന്വേഷി പ്പിക്കണമെന്ന് എനിക്കഭിപ്രായമില്ല. കോടതിയോട് പലർക്കും ഉള്ളതു പോലെ, കുറേശ്ശ കുറേശ്ശ എനിക്കും അഭിപ്രായം കുറഞ്ഞുവരുന്നുണ്ട്. ഭരണകക്ഷിയിലുള്ള എം. എൽ. എ. മാർ ഈ സംഗതിയെസംബന്ധിച്ച് അന്വേഷണം നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. വിശേഷിച്ചും പ്രസംഗങ്ങൾ നടത്തുന്നതും മറ്റും ജനാധിപത്യമര്യാദപ്രകാരം അനുവദനീയ മായകാര്യമാണ്. യാതൊരു വിധേനയും പോലീസിനെ അതിൽ ഇടപെടാൻ അനുവദിച്ചുകൂടാത്തതാണ്. പോലീസിനെ, അടിക്കാൻ അനുവദിക്കാൻ പാടില്ല സർ. എനിക്കു വേറെയും ചില പായിൻറുകൾ ഉണ്ടായിരുന്നു സംസാരിക്കുവാൻ; സമയമില്ലാത്തതുകൊണ്ടു പറയുന്നില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുക

9 A. M.] യാണ്. കഴിഞ്ഞ നവംബർ 1–ാംതീയതിക്കുശേഷം ഇതുവരെയുള്ള നമ്മുടെ രാജ്യത്തെ ക്രമസമാധാന നിലയെസംബന്ധിച്ച് വളരെ ആക്ഷേപങ്ങളും ആരോപണങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ട്. സർ, ഇന്നലെ ഈ സഭ

LIBRARY ARCHIVES Kerala Legislative Assembly

യിലുണ്ടായ സംഭവങ്ങൾവരെയുള്ള കാര്യങ്ങൾ അവധാനതയോടുകൂടിയ പരിശോധനയ്ക്ക് ഗവൺമെൻറ് വിധേയമാക്കണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യത്തു സ്വാധീനമുള്ള ഒരു രാഷ്ട്രീയകക്ഷി (മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി) ഇന്നു പ്രതിപക്ഷത്താണ്. സർ, അവർ ഈ രാജ്യത്തു മുൻപെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിൽ പ്രഖ്യാപിച്ചിട്ടില്ലാത്ത നിലയിലുള്ള ഒരു നയം പ്രാവർത്തികമാക്കിവരികയാണ്. ഇതു വളരെ സൂക്ഷ്മമായി പരിശോധിച്ചു പഠിക്കാൻ ശ്രമിച്ചിട്ടുള്ള ഒരു പൊതുകാര്യപ്രവർത്തകനെന്നുള്ള നിലയിൽ എനിക്കു പല സംശയങ്ങളും ഉണ്ടായിട്ടുണ്ട്: നമ്മുടെ രാജ്യത്ത് ഉടനടി സോഷ്യലിസം കൈവരിക്കാനുള്ള കുറുക്കുവഴി ആണോ ഇവർ സ്വീകരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. സോഷ്യലിസത്തിനു കുറുക്കുവഴിയുണ്ടെങ്കിൽ പരിശോധിച്ചു നോക്കി, കുറുക്കുവഴിയിലൂടെ സോഷ്യലിസം കൈവരിക്കുവാൻ കഴിയുമെങ്കിൽ അത് അംഗീകരിക്കുന്നതിനു വിരോധമില്ലാത്ത ഒരാളാണ് ഞാൻ. വെറും സാഹസിക പ്രവർത്തനങ്ങൾവഴി സോഷ്യലിസം സ്ഥാപിക്കാൻ സാധിക്കുമോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. സോഷ്യലിസത്തിന് കുറുക്കുവഴി ഉണ്ടെന്നും ഞാൻ വിശ്വസിക്കുന്നില്ല. അഡ്വെഞ്ചറിസം തുടർച്ചയായി അനുവർത്തിക്കാനും അതിന്റെ ഫലമായി ഈ രാജ്യത്തു ചിലതൊക്കെ വരുത്തിവയ്ക്കാനും അവർ ഒരുകാലത്ത് ആഗ്രഹിച്ചിരുന്നു. കൽക്കട്ടാ തീസിസിന്റെ കാലത്ത് അവർ അഡ്വെഞ്ചറിസം പ്രഖ്യാപിച്ചപ്പോൾ, അത് സോഷ്യലിസം കൈവരുത്താനായിരുന്നു. ഭരണാധികാരം പിടിച്ചെടുക്കാനും സോഷ്യലിസം സ്ഥാപിക്കാനുമാണ് ആ നയം പ്രഖ്യാപിക്കപ്പെട്ടത്. എന്നാൽ ഇപ്പോൾ അതിൽനിന്നു വ്യത്യസ്തമായി, നിഷേധാത്മകമായ ഒരു നയം സ്വീകരിച്ചുകൊണ്ടു വെറും നിസ്സാരങ്ങളായ കാര്യങ്ങൾക്കുവേണ്ടിയാണ് അവർ സാഹസികപ്രവർത്തനങ്ങൾ നടത്തുന്നത്. ഇത് ക്രമസമാധാനനിലയെ താറുമാറിലാക്കുന്നതിനും രാഷ്ട്രീയമായ പകപോക്കലിനും വേണ്ടിയുള്ള നയം മാത്രമാണ്. അതോടൊപ്പം തന്നെ, ഈ നയം ഇവർ അനുവർത്തിക്കുന്നു എന്നുള്ളതുവച്ചുകൊണ്ട്, ക്രമസമാധാന നില തകരാറിലാക്കുന്ന നിലയിൽ ചില അനിഷ്ടസംഭവങ്ങൾ ഉണ്ടാകത്തക്കവിധം പ്രവർത്തിക്കുന്നുവെന്നുള്ളതു ചൂഷണം ചെയ്തുകൊണ്ടും മറ്റു ചില പിൻതിരിപ്പൻ ശക്തികളും ഈയവസരം പരിപൂർണ്ണമായി വിനിയോഗിക്കുന്നുണ്ടെന്നുള്ളതും വിസ്മരിക്കാനാവാത്ത കാര്യമാണ്. പല സ്ഥലങ്ങളിൽ പല പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കാര്യക്ഷമമായ നടപടികൾ ഗവൺമെൻറു സ്വീകരിക്കേണ്ടതാണ്. ഉദാഹരണമായി കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങളുണ്ട്. പ്രഖ്യാപിത വേതനത്തേക്കാൾ കുറഞ്ഞ കൂലി ലഭിക്കുന്ന പാലക്കാട്ട് കർഷകത്തൊഴിലാളികൾക്ക് പ്രശ്നമൊന്നുമില്ല: അതേസമയം കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾക്ക് പാലക്കാട്ടെക്കാൾ ഭേദപ്പെട്ട സേവനവ്യവസ്ഥയും കൂലിവ്യവസ്ഥയുമാണു തീരുമാനിച്ചിട്ടുള്ളത്. അവർക്ക് വീണ്ടും പ്രശ്നങ്ങളുന്നയിക്കുന്നു. അക്കാര്യത്തിൽ യഥാസമയം ഇടപെടുന്നതിനും തർക്കങ്ങളുണ്ടെങ്കിൽ അതിൻമേൽ തീരുമാനമെടുക്കുന്നതിനും ഗവൺമെൻറ് നടപടികൾ നടത്തണം. അതുപോലെ, ലോക്കപ്പുമർദ്ദനങ്ങളെപ്പറ്റി ഉണ്ടായ പരാതികളും ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണം. ലോക്കപ്പുമർദ്ദനങ്ങൾ ഒരുകാരണവശാലും അനുവദിക്കാൻപാടില്ല. ഇതേപ്പറ്റിയുള്ള ആരോപണങ്ങൾ എല്ലാം പരിശോധിക്കണം. എവിടെയെങ്കിലും ലോക്കപ്പുമർദ്ദനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ നിർദ്ദാക്ഷിണ്യം അതവസാനിപ്പിക്കാനും ലോക്കപ്പുമർദ്ദനങ്ങൾ ഒരു കാരണവശാലും ഉണ്ടാകാതിരിക്കാനും നടപടി സ്വീകരിക്കണം. നാട്ടിൽ ക്രമസമാധാനനില സംരക്ഷിക്കുന്നതിനുവേണ്ടി ഈ രണ്ടു പ്രവണതകളെയും ഇല്ലാതാക്കാനും പിൻതിരിപ്പൻ ശക്തികൾ സംഘടിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പുതുതലടുക്കുന്നത് ഇല്ലാതാക്കാനും കാര്യക്ഷമമായ നടപടികളും ഗവൺമെൻറു ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, ബഹുമാനപ്പെട്ട അപ്പുമാസ്റ്റർ പറഞ്ഞതുപോലെ, ഇന്നലെ ഈ സഭയിൽ നടന്ന അനാശാസ്യ സംഭവങ്ങളിൽ ഞാൻ ഖേദിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുകയാണ്. നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ഇത്ര അലക്കോലമായ ഒരു രംഗം ഇതിനുമുൻപുണ്ടായിട്ടില്ലെന്നു ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. കഴിഞ്ഞ ആഴ്ചയിൽ ബഹുമാനപ്പെട്ട സ്പീക്കർ എന്നെ സഭ വിട്ട് പുറത്തിപ്പോകാൻ പറഞ്ഞ സംഭവം പത്രത്തിൽ വന്നശേഷം നാട്ടിൽച്ചെന്നപ്പോൾ കുട്ടികൾ അധ്യാപകനായ എന്നോടു ചോദിച്ചു സാറിനെ അസംബ്ലിയിൽനിന്നു ഗെറ്റൗട്ട് ചെയ്തോ എന്ന്. കുട്ടികളുടെ ചോദ്യം തമാശയായിരുന്നെങ്കിലും ഞങ്ങളെപ്പോലുള്ള ആളുകളെസംബന്ധിച്ചിടത്തോളം ഈ ബഹളങ്ങൾ തെറ്റാണെന്നു വിശ്വസിക്കുന്ന സ്വതന്ത്രനായ ഒരാളാണ് ഞാൻ. പാർലമെൻറി ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു സ്വതന്ത്രനാണ് ഞാൻ. പ്രതിപക്ഷം കാണിക്കുന്ന എല്ലാ നടപടികളെയും അംഗീകരിച്ചുകൊടുക്കാൻ ഞാൻ തയ്യാറില്ല. അതുപോലെ ഭരണകക്ഷിയുടെ എല്ലാ നടപടികളെയും അംഗീകരിച്ചുകൊടുക്കാനും തയ്യാറില്ല. ബഹുമാനപ്പെട്ട കൊട്ടാരക്കര മെംബർ പറഞ്ഞു പ്രതിപക്ഷം ഇവിടെ ആവശ്യപ്പെടുന്നതു നടന്നില്ലെങ്കിൽ ഒന്നും നടക്കാൻ സമ്മതിക്കാത്ത നിലപാടാണെന്ന്. അതുപോലെ പ്രതിപക്ഷം എന്തു പറഞ്ഞാലും അനുവദിച്ചുകൊടുക്കുകയില്ലെന്ന മനോഭാവം ഭരണകക്ഷിക്കും ഉണ്ടാകാൻപാടില്ല. ജനങ്ങളുടെ ഭരണം ഈ രാജ്യത്തു സംസ്ഥാപിതമാകണമെങ്കിൽ പ്രതിപക്ഷവും ഭരണകക്ഷിയും സഹകരിച്ചു പ്രവർത്തിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകണം. ജനാധിപത്യത്തിൻറെ നിലനിൽപ്പിന് അത് ആവശ്യമാണ്. ബഹുമാനപ്പെട്ട ഉണ്ണി സൂചിപ്പിച്ചതുപോലെ പോലീസ് മർദ്ദനത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് എനിക്കപേക്ഷയുണ്ട്. ഇവിടെ തിരുവനന്തപുരം പട്ടണത്തിൽവച്ച് കഴിഞ്ഞദിവസം ഒരു പത്രപ്രവർത്തകനെ മർദ്ദിച്ചതിനെക്കുറിച്ച് ഇന്നു സൂചിപ്പിക്കുകയുണ്ടായി. അടിയന്തിരപ്രമേയം അനുവദിക്കുന്നതിനും അന്വേഷിക്കുന്നതിനുമുള്ള ഒരു നിലപാട് സ്വീകരിച്ചിരുന്നെങ്കിൽ നിർഭാഗ്യകരമായ പലകാര്യങ്ങളും ഇവിടെ ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നാണ് എൻറെ വിശ്വാസം. പോലീസിനെ കയറൂരിവിട്ടാൽ, അവരെ നിയന്ത്രിച്ചില്ലെങ്കിൽ, പിന്നെ ആഭ്യന്തരവകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ ഐ. ജി. യോ പിടിച്ചാൽ നിൽക്കുകയില്ല; വളരെയധികം കുഴപ്പമുണ്ടാകും. അതുകൊണ്ട് പോലീസിനെ നിയന്ത്രിക്കുകയും പ്രതിപക്ഷം പറയുന്ന ന്യായമായ കാര്യങ്ങൾ അംഗീകരിച്ചു നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്താൽ അനാശാസ്യ സംഭവങ്ങൾ ഒഴിവാക്കാൻ സാധിക്കും. ട്രാൻസ്പോർട്ട്സമരം മന്ത്രിസഭ ദുരഭിമാനത്തിൻറെയോ പ്രസ്റ്റീജിൻറെയോ പ്രശ്നമായി എടുക്കാതെ ഒരു പ്രശ്നം പരിഹരിക്കണമെന്നും കൂടുതൽ കുഴപ്പങ്ങളുണ്ടാക്കാതെ ധാർമ്മികമായനിലയിൽ പരിഹരിക്കത്തക്ക നിലപാടു സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഡോ. ജോർജ് തോമസ്: സർ, ധനവിനിയോഗബില്ലിനെ അതിൻറെ ഗുണവശങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ അനുകൂലിക്കുന്നു. അനുകൂലിക്കാൻ പല കാരണങ്ങളുണ്ട്: എൻറെ സ്നേഹിതൻ ബഹുമാനപ്പെട്ട ശേഷൻ ധനകാര്യമന്ത്രിയായി; ആ സ്ഥാനത്ത് അദ്ദേഹം തുടരണമെന്നുള്ള ആഗ്രഹം; ഇങ്ങനെ പല കാരണങ്ങളാലും ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്.

സർ, ഈ നിയമസഭ ഇന്നു കൂടുന്നത് അക്രമത്തിൻറെ കരിനിഴലിലാണെന്നു ഞാൻ പറഞ്ഞാൽ അത് അധികമാകുകയില്ല. സർ, ഈ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്താകമാനമുള്ള അന്തരീക്ഷത്തിന്റെ പ്രതിഫലനംതന്നെയാണ് ഈ സഭയിൽ ഇന്നലെ കണ്ടത്. ജനാധിപത്യവിശ്വാസികൾക്ക്, പാർലമെന്ററി ജനാധിപത്യത്തിന്റെ തത്വങ്ങളിൽ വിശ്വസിക്കുന്നയാളുകൾക്ക്, ഇതിനെക്കാൾ വേദനിപ്പിക്കുന്ന സംഭവങ്ങൾ ഒരു രാജ്യത്തും ഒരു നിയമസഭാതലത്തിലും കാണാൻ കഴിയുകയില്ല. സർ, ആ സാഹചര്യത്തിൽ മറ്റു വളരെക്കാര്യങ്ങൾ പറയാൻ എന്റെ മനസ്സ് എന്നെ അനുവദിക്കുന്നില്ല. ഒട്ടുവളരെ കാര്യങ്ങൾ ഈ ഗവൺമെന്റിനെ വിമർശിച്ചുകൊണ്ട് പറയണമെന്ന് എനിക്കാഗ്രഹമുണ്ട്. പക്ഷെ അതിനുള്ള അവസരം നിരുത്തരവാദപരമായി പെരുമാറിയ ഒരു പ്രതിപക്ഷം എനിക്കു നിഷേധിച്ചിരിക്കുകയാണു സർ. ഇങ്ങനെയുള്ള ഒരന്തരീക്ഷം ഈ രാജ്യത്ത് ഉണ്ടാകാനുള്ള കാരണങ്ങളെപ്പറ്റി നാം ആലോചിക്കണം. മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയെ, അതിന്റെ തത്വങ്ങളെ, എതിർക്കുന്നവർക്ക് അവരെ ആക്ഷേപിക്കാതിരിക്കാൻ വിഷമമുണ്ട്. അവർ ഈ രാജ്യത്തു കാണിക്കുന്നതും ഈ നിയമസഭയിൽ കാണിക്കുന്നതും അങ്ങേയറ്റം അപലപിക്കേണ്ട കാര്യങ്ങളാണ്. പക്ഷേ അവരുടെ കൈകൾക്കു കരുത്തു നൽകിയത് ഭരണകക്ഷിയിലിരിക്കുന്നവരാണെന്ന് അവരുടെ മുഖത്തു വിരൽചൂണ്ടിക്കൊണ്ടു ഞാൻ പറയുകയാണ്; ജനദ്രോഹികളെന്നു മുദ്രയടിക്കപ്പെട്ടവർക്ക് 1961–ൽ റെസ്പെക്റ്റബിലിറ്റി ഉണ്ടാക്കിക്കൊടുത്തതു നിങ്ങളല്ലേ എന്നു ഞാൻ അവരോടു ചോദിക്കുകയാണ്. അങ്ങനെ റെസ്പെക്റ്റബിലിറ്റി ഉണ്ടാക്കിക്കൊടുത്തുകൊണ്ട് കുറുക്കുവഴികളിൽ കൂടി അധികാരത്തിൽവന്ന് ഇന്നു ചില നല്ലകാര്യങ്ങൾ ചെയ്യുന്നുവെന്നുള്ളതിൽ അനുമോദിക്കേണ്ടതാണെങ്കിലും, അതിന്റെ അടിയിൽ ഒളിഞ്ഞുകിടപ്പുള്ള കാര്യങ്ങൾ നിങ്ങൾ ആത്മാർത്ഥമായി പരിശോധന നടത്തണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിൽക്കൂടുതലായി എനിക്ക്, ഭരിക്കുന്ന ആളുകളോട്, ഒന്നും പറയണമെന്നാഗ്രഹമില്ല. ഈ രാജ്യത്തെ ജനങ്ങളിൽനിന്ന് ഒരു മാൻഡേറ്റ് നമുക്കാവശ്യമുണ്ടെന്നു വിശ്വസിക്കുന്നു. സർ ഈ ഗവൺമെന്റിന് യഥാർത്ഥത്തിൽ ഒരു മാൻഡേറ്റ് ഉണ്ടോ ഇല്ലേ എന്നുള്ളത് പരീക്ഷിച്ചറിയേണ്ടതാണ്. സർ, ഈ ഗവൺമെന്റിനെ ഒരു 'ഗവൺമെന്റ് ഓഫ് റിലീഫ്' എന്നു വിശേഷിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ രാജ്യത്ത് ചിലർ നിയമം കൈയിലെടുത്ത് അക്രമങ്ങളഴിച്ചുവിട്ട് സൈരജീവിതം അസാധ്യമാക്കിത്തീർത്ത അവസരത്തിൽ, അതിനൊരു പരിഹാരമുണ്ടാക്കുന്നതിന് ഒരു സർക്കാർ അധികാരത്തിൽവരണമെന്ന ആഗ്രഹത്തോടുകൂടിയാണ് നിങ്ങൾക്ക് അവിടെ ഇരിക്കാൻ ഞങ്ങൾ അനുവാദം നൽകിയത്. ഞങ്ങൾ അനുവദിച്ചില്ലായിരുന്നെങ്കിൽ ഇവിടെ മന്ത്രിസഭയുണ്ടാകുകയില്ലായിരുന്നു. അതുകൊണ്ട് എനിക്ക് ഭരിക്കുന്നവരോടു പറയാനുള്ളത്, കേരളത്തിലെ ജനങ്ങളിൽനിന്നു സുസ്ഥിരമായ ഒരു മാൻഡേറ്റ് വാങ്ങാനുള്ള ധൈര്യം കാണിക്കണമെന്നാണ്. ജനങ്ങൾ നിങ്ങളുടെ പിന്നിലാണ്, അവരുടെ കീഴിൽ ജനങ്ങളില്ല എന്നു തെളിയിക്കണം. സർ, ഞാൻ ധനവിനിയോഗബില്ലിനെ പിൻതാങ്ങുന്നു.

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): സർ, ഈ സഭയിൽ ഈ ധനവിനിയോഗ ബില്ലിനെ സംബന്ധിച്ച് ഇത്രയുംനേരം നടന്ന ചർച്ചകളെ ഞാൻ സ്വാഗതം ചെയ്യുന്നു. ആ ചർച്ചകളിൽ പൊങ്ങിവന്ന നിർദ്ദേശങ്ങളെയും അഭിപ്രായങ്ങളേയും അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിഗണിക്കപ്പെടുന്നതാണന്നുള്ള ഉറപ്പ് ഈ സന്ദർഭത്തിൽ നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സുഹൃത്ത് ശ്രീ. കെ. കെ. അബ്ദു, ഈ ഗവൺമെന്റിന്റെ പോലീസ് നയത്തെ സംബന്ധിച്ച് പരാമർശനം നടത്തിയ കൂട്ടത്തിൽ ഇന്നലെയുണ്ടായ ആക്രമണങ്ങളെക്കുറിച്ച് ഒരൊറ്റ വാക്കുപോലും വിമർശനാത്മകമായി പറയാൻ കൂട്ടാക്കിയില്ലെന്നുള്ളത് വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

ഖേദകരമായിപ്പോയി. അതേസമയം അദ്ദേഹത്തിന്റെതന്നെ കക്ഷിയിൽപ്പെട്ട മറ്റു ചില അംഗങ്ങളും ഇന്നലത്തെ സംഭവത്തിൽ അങ്ങേയറ്റം ഖേദം പ്രകടിപ്പിച്ചു, പ്രതിഷേധം പ്രകടിപ്പിച്ചു എന്നുള്ളതു വളരെയധികം ചാരിതാർത്ഥ്യജനകമാണെന്നു മാത്രമല്ല ആ കക്ഷിയിൽ മനസ്സാക്ഷി മരവിക്കാത്ത ആളുകളും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നു പറയാനും ഞാനാഗ്രഹിക്കുന്നു. പോലീസ് നയത്തെ സംബന്ധിച്ച് ഈ ഗവൺമെന്റ് യാതൊരു നയം മാറ്റവും വരുത്തിയിട്ടില്ല. 1967-ൽ രൂപീകരിക്കപ്പെട്ട ഐക്യമുന്നണി അന്നു രൂപം കൊടുത്തിട്ടുള്ള പോലീസ് നയം തന്നെയാണ് അടിസ്ഥാനപരമായി ഈ ഗവൺമെന്റും ഇപ്പോഴും അനുവർത്തിച്ചുവരുന്നത്. പക്ഷേ അതിന്റെ പ്രയോഗത്തിൽ ചില മാറ്റങ്ങളും മുൻ ഗവൺമെന്റിനെ അപേക്ഷിച്ച് ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ളതു്, ഈ നാട്ടിലെ നിയമ സമാധാനപാലനത്തിന്റെ മാനദണ്ഡം ഉയർത്തിക്കെട്ടുന്നതിനു വേണ്ടിയാണ്. ഈ മാറ്റങ്ങളും ഈ നാട്ടിലെ ജനങ്ങളും സ്വാഗതം ചെയ്തിട്ടുണ്ടെന്നു മാത്രമല്ല, അതുകൊണ്ടുണ്ടായിട്ടുള്ള ഒരു പുതിയ അന്തരീക്ഷം ഈ നാട്ടിൽ ഒരു നിർവൃതിയുടെയും സമാധാനത്തിന്റെയും ഒരു അന്തരീക്ഷം ഉണ്ടാക്കുന്നതിൽ ഈ നാട്ടിലെ ജനങ്ങൾക്ക് സഹായകരമായിത്തീർന്നിട്ടുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽ കൂട്ടിച്ചേർക്കാൻ ഞാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ലാക്കപ്പ് മർദ്ദനം ഒരു തരത്തിലും ഉണ്ടാകരുതെന്നു ശക്തിയായി പറയുകയുണ്ടായി. ഈ ഗവൺമെന്റ് ആ അഭിപ്രായത്തെ അങ്ങേയറ്റത്തോളം മാനിക്കുന്നുണ്ട്. യാതൊരു തരത്തിലുള്ള ലാക്കപ്പ് മർദ്ദനങ്ങളും ഉണ്ടാകരുതെന്നുള്ളതിലാണ് ഗവൺമെന്റിന്റെ നിൽപ്പ്. അതിൽ ഏതെങ്കിലും തരത്തിൽ അപാകതകളോ വ്യതിയാനങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുന്നതാണെന്ന് ഇതിനകം എടുത്തിട്ടുള്ള നടപടികളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. ഗവൺമെന്റ് ഇതുപോലുള്ള എക്സസ് ഉണ്ടാകുമ്പോഴെല്ലാം പ്രതിപക്ഷത്തുനിന്നോ മറ്റു ഭാഗങ്ങളിൽനിന്നോ ഒരു ഡിമാന്റ് വരുന്നതിനു മുൻപുതന്നെ അവയെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് യഥാകാലം നടപടികളെടുത്തിട്ടുണ്ടെന്ന് ഈ സഭയെ അനുസ്മരിപ്പിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. ഇതിൽ കൂടുതലൊന്നും ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. പല ബഹുമാനപ്പെട്ട അംഗങ്ങളും ഇന്നു ഇവിടെ നൽകിയിട്ടുള്ള ക്രിയാത്മകമായ വിമർശനങ്ങൾക്ക് ഗവൺമെന്റിന്റെ പേരിൽ ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. അതോടുകൂടി ഈ ധനവിനിയോഗബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

<u>ശ്രീ. ജോസഫ് ചാഴിക്കാടൻ</u>: ഫീസ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

<u>ശ്രീ. എൻ. കെ. ശേഷൻ</u>: ഫീസ് ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ ഒരു നയപരമായ പ്രശ്നമായതുകൊണ്ട് എന്തു ചെയ്യണമെന്നുള്ളത് തീർത്തുപറയാൻ ഞാൻ ആളല്ല. ഈ ഗവൺമെന്റിന്റെ ശരിക്കുള്ള പരിപാടിതന്നെ, നയംതന്നെ, രേണുഘടനയിലെ ഡയറക്ടീവനുസരിച്ച് 14 വയസ്സുവരെ വിദ്യാഭ്യാസം ഫ്രീയായി നൽകണമെന്നുള്ളതാണ്. ആ അടിസ്ഥാനത്തിലാണ് പത്താംക്ലാസ്സുവരെ ഫീസില്ലാതാക്കുക എന്നുള്ള നയം ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. ആ നയത്തിന് കടകവിരുദ്ധമായി ഫീസ് ഏർപ്പെടുത്തണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം എത്രത്തോളം സ്വീകരിക്കാൻ സാധിക്കുമെന്നുള്ളത് ആലോചിച്ച് അമ്പരക്കുകയാണ്. അതേപ്പറ്റി ഞാൻ ഇപ്പോൾ ഒരു അഭിപ്രായം പറയാൻ ആളല്ല. അത് മൗലികമായ ഒരു നയത്തിന്റെ പ്രശ്നമായതുകൊണ്ട് അതേസംബന്ധിച്ച് എനിക്ക് ഇപ്പോഴൊന്നും പറയാൻ സാധിക്കുകയില്ല. മാത്രമല്ല ഈ സോഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിന്റെ കാര്യത്തിൽ ഗവൺമെന്റിന് യാതൊരുവിധ മുതൽമുടക്കു മുണ്ടായാലുംശരി, ഇല്ലെങ്കിലുംശരി, ചില സന്ദർഭങ്ങളിൽ കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഏറെറടുക്കേണ്ടി വന്നാൽപോലും, ആ വക രംഗങ്ങളിൽ ഗവൺമെൻറ് ഒരിക്കൽ നൽകിയിട്ടുള്ള സൗജന്യം മറെറാരു സന്ദർഭത്തിൽ കടിഞ്ഞാണിടാൻ പരിശ്രമിച്ചാൽ അങ്ങേയററം പ്രതിഷേധം നാട്ടിൽ സാർവ്വത്രികമായി ഉയരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. വിദ്യാഭ്യാസം ഈ നാട്ടിൽ സൗജന്യമാക്കിയത് പണക്കാർക്കും പാവപ്പെട്ടവർക്കും ഒരുപോലെ സോഷ്യൽസർവ്വീസ് ബാധകമാകത്തക്കവിധത്തിൽ ആ സൗജന്യം അനുഭവിക്കാൻ സാധിക്കണമെന്നുള്ള അടിസ്ഥാനത്തിലാണ്. പാവപ്പെട്ടവർക്ക് ഗുണമാണെങ്കിലും പണക്കാർക്ക് ആവശ്യമില്ലാത്ത സൗജന്യമാണെന്നുള്ളതാണ് അതിനനുകൂലമായ വാദം. പക്ഷേ ആ അടിസ്ഥാനത്തിൽ ചിന്തിച്ച് പണക്കാരെക്കൊണ്ടുമാത്രം ഇതിന് ത്യാഗം ചെയ്യിക്കാൻ സാധിക്കുമോ എന്നുള്ളതു സങ്കീർണ്ണമായ പ്രശ്നമാണ്. മാത്രമല്ല സർക്കാർ ചെയ്യുന്നതായ സാമൂഹ്യസേവനത്തിന്റെ ഗുണം എല്ലാവർക്കും ഒരുപോലെ ബാധകമായില്ലെങ്കിൽ അതുകൊണ്ടുണ്ടാകുന്ന വിവേചനം ആക്ഷേപത്തിന് വകയായിത്തീരുമെന്നുള്ളതുകൊണ്ട് അതേപ്പററി ഈ സന്ദർഭത്തിൽ ഞാൻ ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഇത്രയുംമാത്രമേ ഈ ചുരുങ്ങിയ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നുള്ളു. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുന്നു.

The question that the Kerala Appropriation Bill, 1970 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

The Schedule

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stands part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri N. K. Seshan: I move that the Bill be finally passed.

Shri C. H. Mohammed Koya: I second it.

The question that the Kerala Appropriation Bill, 1970 be finally passed was put and carried.

The Bill was passed.

LIBRARY ARCHIVES Kerala Legislative Assembly

The Kerala Public Services Amendment Bill 1970

Mr. Speaker: Are you going to move the amendment, Shri Gopinathan Pillai?

Shri G. Gopinathan Pillai: No.

Shri K. T. George: I am not moving my amendment.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, എല്ലാ പക്ഷത്തുനിന്നുമുള്ള മെമ്പർമാർ ഈ ബില്ലിനെ സംബന്ധിച്ച് ന്യായമായ ഭയാശങ്കകളും പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. അതായത് ഈ ബിൽ പ്രയോഗത്തിൽ വരുമ്പോൾ സർക്കാർ ജീവനക്കാരുടെ താൽപ്പര്യത്തിനെതിരായി ഉപയോഗിക്കപ്പെടുമെന്നും, ജീവനക്കാർക്ക് അതുകൊണ്ട് വിഷമതകളുണ്ടാകുമെന്നും, മുൻകാല പ്രാബല്യത്തോടുകൂടി ഇതു നടപ്പാക്കാനുള്ള അധികാരം ഉദ്യോഗസ്ഥൻമാരുടെ കയ്യിലേക്ക് മാറിക്കൊടുക്കുകയാണെങ്കിൽ അവർ പക്ഷപാതബുദ്ധിയോടുകൂടി അല്ലെങ്കിൽ പകപോക്കൽ ബുദ്ധിയോടുകൂടി ഇതു പ്രയോഗിച്ച് ഏതെങ്കിലും ജീവനക്കാരുടെ താൽപ്പര്യത്തെ ഹനിച്ചുകളയുമെന്നുള്ള ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. വളരെ കൊല്ലത്തോളം ഈ അധികാരം ഗവർണ്ണറിൽ നിക്ഷിപ്തമായിരുന്നെങ്കിലും ഇങ്ങനെ പൂർവ്വകാല പ്രാബല്യത്തോടെ ഉദ്യോഗസ്ഥൻമാർക്കെതിരായി പ്രയോഗിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് ഇങ്ങനെയുള്ള ഒരു ഭയാശങ്കക്ക് തീരെ പഴുതോ ന്യായമോ കാണാനില്ല. എന്നാലും ഇങ്ങനെയൊരു ബിൽ പാസ്സാക്കിയെടുക്കേണ്ട ആവശ്യം ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. അങ്ങനെ ചെയ്യാത്ത പക്ഷം പല ഒത്തുതീർപ്പുകളെ സംബന്ധിച്ചിടത്തോളവും മറ്റുമുണ്ടാകുന്ന ജീവനക്കാർക്കനുകൂലമായ സംഗതികളിൽ അവർക്ക് നൻമ ചെയ്തുകൊടുക്കാൻ വയ്യാതെവരും. ഇതിൻറെ എല്ലാ നിയമപരമായ നടപടിക്രമങ്ങളും ചെയ്തുകഴിഞ്ഞതിനുശേഷം അത് നടപ്പിൽവരുത്തുന്ന ദിവസം മുതൽക്കു മാത്രമേ ഗവൺമെൻറിന് ഇത് ചെയ്യാൻ കഴിയുകയുള്ളൂ. ഇത്തരം ചില വിഷമതകളും കൊണ്ടാണ് വാസ്തവത്തിൽ ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നത്. ഇങ്ങനെയൊരു നിയമനിർമ്മാണമാണെങ്കിൽ വളരെ അത്യാവശ്യമായിരുന്നു. ശ്രീ. ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെ ഈ അധികാരം പ്രയോഗിക്കേണ്ടി വന്നില്ലെങ്കിലും, പ്രയോഗിക്കേണ്ടിവരാൻ മാത്രം സമയമുണ്ടായില്ലെങ്കിലും, അങ്ങനെ പ്രയോഗിക്കേണ്ടുന്ന അവസരം ഉണ്ടാകുമെന്ന് ഗവൺമെൻറ് കരുതിയതുകൊണ്ട് ഓർഡിനൻസുകൊണ്ടുവന്നു. നിയമസഭ വളരെവേഗം ചേർന്നതുകൊണ്ടും നിയമമായി വരാൻ സന്ദർഭം ലഭിച്ചതുകൊണ്ടും ഇത് പിന്നീട് പ്രയോഗിക്കപ്പെട്ടിട്ടില്ല. എന്നാലും ഇങ്ങനെയുള്ള നിയമനിർമ്മാണത്തിന് അടിയന്തിരാവശ്യമുണ്ട്. ആ നിലയിൽ എൻറെ ബഹുമാനപ്പെട്ട സ്നേഹിതൻ കരുണാകരനും, മറ്റുചില സ്നേഹിതൻമാരും, വ്യക്തിപരമായി സംഭാഷണവേളയിലും, ഈ സഭയിൽ മോഷൻ മുഖേനയും പ്രകടമാക്കിയിട്ടുള്ള ഭയാശങ്ക ഒരുതിരുവരെ മാറുന്നതിന് ഈ സഭയ്ക്ക് ഒരു ഉറപ്പുനൽകാൻ ഞാനാഗ്രഹിക്കുകയാണ്. ക്യാബിനറ്റ് യോഗത്തിൽ അമെൻറുമെൻറ് വരുത്തിക്കൊണ്ട് എക്സിക്യൂട്ടീവ് ഓർഡർ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ് മാത്രമായി ചെയ്യാതിരിക്കുന്നതിനാവശ്യമായ സംരക്ഷണവ്യവസ്ഥ ക്യാബിനറ്റിൻറെ ബിസിനസ് റൂൾസിൽ ഉടൻ വരുത്തുന്നതാണ്. ഇതുകൊണ്ട് ഉദ്ദേശിച്ചതുപോലെ സംര

LIBRARY ARCHIVES Kerala Legislative Assembly